
പട്ടം പറത്തുന്നവർ
സേക്രഡ് ഹാർട്ട് ഗേൾസ് എച്ച് എസ് എസ് തലശ്ശേരി
2020



**മദർ മേരി വെറോണിക്ക**
അപ്പസ്തോലിക് കാർമ്മൽ സന്യാസസഭയുടെ സ്ഥാപക

# "അമ്മ"

ഭൂമിയിൽ ഇത്ര പരപാപനമായ വാക്കും പദവിയും വേറെയില്ലതന്നെ
മണ്ണോളം സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നവളാണ് അമ്മ
ആത്മ സമർപ്പണംകൊണ്ട് തന്റെ കുടുംബത്തിന് വേി സ്വയം ഉരുകിയൊലിക്കുന്നവർ...

നന്മയുടെ വെളിച്ചമായി ചിലപ്പോഴെല്ലാം ഭൂമിയിൽ ചില അമ്മമാർ അവതിരിക്കും അത്തരമൊരമ്മയാണ് ധന്യയായ മദർ വെറോണിക്ക. തന്റെ ജീവിത ദൗത്യം ഉൾക്കൊുകൊ് പ്രതിബന്ധങ്ങളെയെല്ലാം ആത്മവീര്യംകൊ് ഉരുക്കികളഞ്ഞ് ഒരു മെഴുകുതിരി നാളം പോലെ പ്രശോഭിക്കാൻ മദറിനു കഴിഞ്ഞു. മദർ തെളിയിച്ച വെളിച്ചത്തിന്റെ പാതയിലൂടെ നിരവധി ലോകകാര്യങ്ങളിൽ സേവനത്തിന്റെ തിരി തെളിയിക്കാൻ അപ്പസ്തോലിക് കാർമ്മൽ സന്യാസസഭയ്ക്കും കഴിഞ്ഞു. പെൺകുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക, അവരിലൂടെ വീടെനെയും നാടിനെയും പ്രശോഭികമാക്കുക. മദറിന്റെ സ്വപ്നമായിരുന്നു അത്. സേവനത്തിന്റെ കർമ്മ പാതയിൽ 150 വർഷം പിന്നിടുന്ന അപ്പസ്തോലിക് കാർമ്മൽ സന്യാസസമൂഹം ആ ജന്മ ദൗത്യവുമേറ്റെടുത്തുകൊ് ബഹുദൂരം മുന്നേറിയിരിക്കുന്നു. ഒരു പെൺകുട്ടിയെ പഠിപ്പിക്കുന്നതിലൂടെ ഒരു കുടുംബത്തേയും അതിലൂടെ ഒരു സമൂഹത്തേയും വാർത്തെടുക്കാം. പെൺകുട്ടികളെ സംബന്ധിച്ച് ജീവിതം ഇരുളാുകിടന്ന ഒരു കാലഘട്ടത്തിലാണ് മദർ ഇങ്ങെ ചിന്തിച്ചത്. വർഷങ്ങൾക്കിപ്പുറം നിന്ന് മദറിലൂടെ അഇ സന്യാസസഭയിലൂടെ ആ സ്വപ്നം പൂവണിയുമ്പോൾ,

ഒരു സ്ത്രീയെന്ന നിലയിൽ അപ്പസ്തോലിക് കാർമ്മൽ സന്യാസഭയുടെ കർമ്മമണ്ഡലത്തിൽ ചേർന്നു നിൽക്കുന്ന ഒരംഗമെന്ന നിലയിൽ ഞാനും ധന്യയായ മദർ വെറോണിക്കയുടെ സ്മരണകൾക്കു മുമ്പിൽ ഹൃദയാഞ്ജലികളർപ്പിക്കുന്നു. ഷേ

# സേക്രഡ് ഹാർട്ട് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ

LOVE CONQUERS ALL

## വിദ്യാർത്ഥികളിൽ പ്രത്യേകമായി പരിപോഷിപ്പിക്കുവാൻ സ്കൂൾ യത്നിക്കുന്ന മൂല്യങ്ങൾ

ദൈവ വിശ്വാസം

അച്ചടക്കം

സഹാനുഭൂതി

പ്രകൃതിസ്നേഹം

പരസ്പര സ്നേഹാദരങ്ങൾ


കൃത്യനിഷ്ഠ

കഠിനാധ്വാനം

സേവനമനോഭാവം

ലളിത ജീവിതശൈലി

ആത്മനിയന്ത്രണം



# SACRED HEART GIRLS HIGHER SECONDARY SCHOOL, THALSSERY




LK/18/14002



# SR.JESSY PJ
## Headmistress

പ്രിയ മക്കളേ,

ആധുനിക കാലത്തെ ഏറ്റവും അത്ഭുതാവഹമായ കുപിടുത്തങ്ങളിലൊന്നായ നിർമ്മിത ബുദ്ധിയുടെ ലോകത്തേക്ക് പ്രവേശിച്ചിരിക്കുന്ന നിങ്ങൾക്കേവർക്കും എന്റെ അഭിനന്ദനങ്ങൾ. കാലഘട്ടത്തിന്റെ അനിവാര്യതയായ കമ്പ്യൂട്ടറുകൾ കടന്നുവന്നിട്ട് ഏകദേശം 50 കൊല്ലക്കാലമേ ആയിട്ടുള്ളു. നിർമ്മിത ബുദ്ധിരംഗത്തെ ഓരോ പുതിയ കാൽവെപ്പുകളും മനുഷ്യരാശിക്ക് എന്നും അത്യത്ഭുതങ്ങൾ തന്നെയായിരുന്നു. 50 കൊല്ലം മുൻപുള്ള സാധാരണ മനുഷ്യന്റെ ചിന്താ ലോകത്തു നിന്നും ഇന്നു നമ്മൾ എവിടെ എത്തിനിൽക്കുന്നു. സാങ്കേതിക മികവുകൾകൊ് ഈ ഹൈടെക് ലോകം വളരെ വലിയ അത്ഭുതങ്ങളാണ് സൃഷ്ടിക്കുന്നത്. മനുഷ്യന്റെ വളരെ ചെറിയ ദൈനംദിന കാര്യങ്ങൾ മുതൽ അങ്ങ് ബഹിരാകാശലോകത്ത് അന്യ വസ്തുക്കളെ തേടിയുള്ള പര്യവേഷണങ്ങൾ വരെ ഈ ഹൈടെക് ബുദ്ധി ഉപയോഗപ്പെടുത്തുകയാണ്.

കുഞ്ഞുമക്കളെ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നത് ഒരു പ്രധാന കാര്യമാണ്. നിങ്ങളുടെ കയ്യിലിരിക്കുന്ന പേനകൾ നല്ല കാര്യങ്ങൾക്കും മോശം കാര്യങ്ങൾക്കും ഉപയോഗിക്കാവുന്ന ഒന്നാണ്. നല്ലതെഴുതുവാനും നല്ലത് പ്രചരിപ്പിക്കുവാനും ആ പേന ഉപയോഗിക്കാം അതുപോലെ തിരിച്ചും. നിങ്ങളുടെ മനോഭാവമാണ് അത് എന്തിനുവേി ഉപയോഗിക്കണം എന്നു തീപുമാനിക്കുന്നത്. അതി സാങ്കേതിക വൈദഗ്ദ്യം നേചിയിരിക്കുന്ന ഈ നിർമ്മിത ബുദ്ധി ഏറ്റവും നല്ല രീതിയിൽ ഉപയോഗിച്ച് സമൂഹത്തിന് ഗുണപ്രദമാകണോ എന്ന് തീരുമാനിക്കുന്നത് നിങ്ങളോരോരുത്തരുമാണ്. മറിച്ചാണെങ്കിൽ അതിന്റെ ദോഷം വിവരാണാതീദമായിരിക്കും. ലിറ്റിൽ കൈറ്റസ് എന്ന ഈ കൂട്ടായാമസമൂഹ നന്മയുക്കുതകുന്ന എല്ലാ ദൗത്യങ്ങളും ഏറ്റെടുത്ത് വിജയിക്കുന്ന മഹാ പ്രസ്ഥാനമായി തീരട്ടെ എന്ന് ഞാൻ ആശംസിക്കുന്നു

# സ്കൂൾ നിർവാഹക സമിതി



സി .ജെസ്സി പി ജെ

കൺവീനർ



ചെയർമാൻ

മുഹമ്മദലി എൻ.കെ



ബിന്ദു ജോയ്

മാനേജിങ് എഡിറ്റർ



ഗായത്രി ഡി ഡി

മാനേജിങ് എഡിറ്റർ



ശാരിക എസ്

ചീഫ് എഡിറ്റർ



വി പി ശ്രീലക്ഷ്മി

ഡെപ്യൂട്ടി എഡിറ്റർ



ശ്രീലക്ഷ്മി എം പി

എഡിറ്റർ



ഹിമ പ്രദീപ്

എഡിറ്റർ

# എഡിറ്റോറിയൽ

ഇത്  ജീവിതത്തിന്റെ പടയോട്ടം

ഏത് നിമിഷവും കാല് പിഴച്ചുപോയാൽ നില്ക്കാവുന്ന ഒന്ന് .

കടലോ ,കരയോ ,സ്പെയ്സോ ,ഔട്ടർ സ്പെയ്സോ,എന്തിനെക്കുറിച്ചും
ഏതിനെക്കുറിച്ചും എവിടെ നിന്നും എവിടേക്കും ഒരു മൗസ് ക്ലിക്കിൻറെ അകലം മാത്രം
ഇത്രയൊക്കെ ഉണ്ടെങ്കിലും സാങ്കേതിക വിദ്യകളുടെ

ദൂഷ്യ  ഫലങ്ങളെ കുറിച് മാത്രം ചിന്തിക്കുന്ന ജനത
കാതങ്ങൾക്ക് അപ്പുറത്തു നിന്ന്
ഭാഷദേശാന്തര  അതിർത്തികളേ ഭേദിച്ചുകൊണ്ട്

അറിവിന്റെ അഗ്നി ജ്വാലയുമായി കടന്നു വന്ന

തലശ്ശേരിയുടെ മണ്ണിൽ വിദ്യയുടെ നാളം പകർന്ന

അപ്പസ്തോലിക് കാർമൽ സഭ

അവർ സ്ഥാപിച്ച ദീപസ്തംഭം -സേക്രഡ് ഹാർട്ട് സ്കൂൾ

ഇവിടെ സാങ്കേതികവിദ്യയുടെ മിന്നും വശം കാണിച്ചുകൊണ്ട്

ഞങ്ങൾ **പട്ടംപറത്തുന്നവർ 2019-20** എന്ന ഈ തുകിൽതാളുകൾ

സ്നേഹപൂർവ്വം നിങ്ങൾക്കുമുൻപിൽ സമർപിക്കുന്നു.





# താളുകളിലൂടെ


........................................................................................... 4
........................................................................................... 4
എഡിറ്റോറിയൽ.......................................................................... 7
പൊറുക്കുക ഞങ്ങളോട്.................................................................. 14
സുരക്ഷിതം............................................................................... 15
വായനാക്കുറിപ്പ്........................................................................ 15
രാവെന്ന സൗന്ദര്യം.................................................................... 17
അന്നു പെയ്ത മഴയിൽ.................................................................. 18
കഴിവുകൾ............................................................................... 20
പുഴയെവിടെ............................................................................ 21
വിണ്ണിനെ വിസ്മയിപ്പിക്കും തുഷാരഗിരി............................................. 24
വഴിത്തിരിവ്........................................................................... 26
ഗഗനത്തിൻ കണ്ണീർ..................................................................... 27
തണൽ.................................................................................... 28
ഓർമ്മകൾ മാത്രം....................................................................... 29
എന്റെ ബാല്യം.......................................................................... 30
ആരുമില്ലാത്തവർക്ക് ഒരാശ്വാസം..................................................... 31
മരമെന്ന വരം.......................................................................... 32
ഒരു പിതാവിന്റെ രണ്ട് മക്കൾ......................................................... 33
മേഘങ്ങൾ പെയ്തൊഴിയാതെ............................................................ 33
ജാതിമതഭേദം.......................................................................... 34
ഏകയായ്................................................................................ 35
ചിതലരിച്ചവർ.......................................................................... 36
അഥവാ ഒരെഴുത്തുകാരി!................................................................ 37
വിലാപം................................................................................. 39
ജ്യോതി................................................................................... 40
മാറ്റം..................................................................................... 41
അമ്മ..................................................................................... 42
വിദ്യാഭ്യാസവും വ്യക്തിത്വവികസനവും............................................... 43
കണ്ണിൽ വിരിയുന്ന കവിത............................................................. 45
അമ്മ കോഴിയും കുഞ്ഞികോഴികളും.................................................... 46

സത്യസന്ധതയുടെ സമ്മാനം........ 47
അമ്മ........ 49
തണലായ തായയാം പ്രകൃതി........ 50
ആ മരം........ 51
സ്ത്രീസമത്വത്തിലേക്കൊരു പുതുവെളിച്ചം........ 52
പ്രകൃതി........ 53
പെണ്ണ്........ 54
വർഷം അന്നും ഇന്നും........ 55
എന്തിനു നീ പതുങ്ങുന്നു........ 56
അതിജീവനം........ 58
മീനുകൾക്ക് പറ്റിയ പറ്റ്........ 59
പുഷ്പസൗന്ദര്യം........ 59
ആ യാത്രയിൽ........ 60
കൊന്നപ്പൂക്കൾ........ 62
മനുഷ്യൻ........ 64
എന്റെ ഭാഷ........ 65
ചിന്തകൾക്കപ്പുറം........ 67
മാളുവിന്റെ പിറന്നാൾ........ 68
തിരുത്തൽ........ 71
പ്രകൃതിതൻ പ്രതികാരം........ 73
തിരിഞ്ഞുനോക്കുമ്പോൾ കാണാതെ പോയത്........ 74
ഇപ്പോഴും എപ്പോഴും........ 75
നിഴലായ് എന്നും........ 76
മലഞ്ചെരുവിലെ സായാഹ്നം........ 77
മഴ........ 79
പ്രകൃതി........ 80
തിരോധാനം........ 81
ഉത്തമസുഹൃത്ത്........ 82
ജനാലം പ്രശ്നം........ 82







# പൊറുക്കുക ഞങ്ങളോട്



ആ കൊച്ചുവീടിന്റെ ഇടനാഴിലെന്നും
പാട്ടിന്റെ മണമുണ്ടായിരുന്നു
തടിച്ച കണ്ണടയ്ക്കുള്ളിലെ കണ്ണുകളിലെന്നും
ശാന്തഗംഭീരഭാവമായിരുന്നു.
ആ ശ്വാസനിശ്വാസങ്ങളിലെന്നും
ഈണങ്ങൾ മാത്രമായിരുന്നു
പാട്ടിനുമരണമില്ലെന്നു പണ്ടുപാടിയ
മഹാനുഭാവനെ അങ്ങുകേട്ടിരുന്നോ രാഘവസംഗീതം
അംഗീകാരത്തിനുമേൽ അഹങ്കാരത്തിന്റെ
പുറങ്കുപ്പായമണിഞ്ഞവരെ
പ്രണമിച്ചിരുന്നു ഒരിക്കലെങ്കിലും നിങ്ങളാ കാൽക്കൽ
പഴമയുടെ തെളിമയും പുതുമയുടെ മധുരവും
ഒരു പോലെ നിറയുമാ ഈണങ്ങളെ
നെഞ്ചോടുചേർത്തൊന്നായി മൂളുവാൻ
പാട്ടിന്റെ പാലാഴി തീർത്തൊരു സ്വർഗതേജസ്സേ
പൊറുക്കുക!
സ്വാകാര്യാഹങ്കാരമെന്ന് ഞങ്ങളഭിമാനിച്ചപ്പോഴും
വേണ്ടതുചിലതു മറന്നതു പൊറുക്കുക സ്നേഹമൂർത്തേ...
പാട്ടിന്റെ മണമുള്ളൊരാ ഇടനാഴിയും
തലശ്ശേരിയിലെ വഴിയോരങ്ങളും
തിരയടിച്ചാർക്കുമിക്കടലോരങ്ങളും
ആ നിശ്വാസങ്ങളേറ്റുവാങ്ങാതെയിന്ന് മരവിച്ചുവോ
ഇല്ല, മരണമീശ്വരൻ കയ്യൊപ്പുചാർത്തിയ
ആ പാട്ടുകൾക്കും പാട്ടിന്റെ കുലപതിക്കും

അനുശ്രീ.പി.കെ

# സുരക്ഷിതംതാളുകളിലൂടെ

അടുപ്പിലെ തീയും ഉള്ളിലെ ചൂടും കാരണം സഹികെട്ട ചോറുകലം അടുക്കളയിൽ നിന്നും ഇറങ്ങി നടന്നു. വഴിയിലെ ആർത്തിപൂണ്ട നോട്ടം കണ്ട് പേടിച്ച് തിരികെ പോന്നു. തീയും ചൂടും ഉണ്ടെങ്കിലെന്താ. അടുപ്പാണ് സുരക്ഷിതം.



ധന്യ. എ. കെ

# വായനാക്കുറിപ്പ്



പുസ്തകത്തിന്റെ പേര് : വിശപ്പിന്റെ കഥകൾ

ഇഷ്ടപ്പെട്ട കഥ : കള്ളൻ

കഥാകൃത്തിന്റെ പേര് : എം . പി . നാരായണപിള്ള

ഞാൻ വായിച്ച വിശപ്പിന്റെ കഥകൾ എന്ന പുസ്തകത്തിൽ പതിമൂന്ന് വിവിധതരം വിശപ്പിനെ ആധാരമാക്കി എഴുതിയിട്ടുള്ള കഥകളാണുള്ളത്. ഇതിൽ എനിക്ക് ഏറ്റവും അധികം ഇഷ്ടപ്പെട്ടത് 'കള്ളൻ' എന്ന കഥയാണ്. ശ്രീ എം പി നാരായണപിള്ളയാണ് ഈ കഥയുടെ രചയിതാവ്. ഈ പുസ്തകം വായിച്ചിരിക്കുന്ന ഒരു കുട്ടി പോലും ഭക്ഷണം മതിയാക്കുന്നതിനുമുമ്പ് ഒന്ന് ഈ കഥ ഓർത്തിരിക്കും. പട്ടിണിയും പരിവട്ടവുമായി കഴിയുന്ന പല കുടുംബങ്ങളുടെയും, ജീവിതത്തിന്റെയും കഥയാണിത്.

ഇതിൽ പ്രധാന കഥാപാത്രമായ കള്ളൻ രാത്രിയിൽ ഓരോ വീടുകളിലും ഭക്ഷണം മോഷ്ടിക്കാൻ ഇറങ്ങുന്നു, ചില ദിവസങ്ങളിൽ ഭക്ഷണം മോഷ്ടിക്കാൻ ഇറങ്ങുന്നു, ചില ദിവസ്സങ്ങളിൽ ഭക്ഷണം മോഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിൽ വീട്ടിലുള്ള പല സാധനങ്ങളും പണയത്തിലാക്കിയിട്ടാണ് ഈ കള്ളൻ ഭക്ഷണം വാങ്ങിക്കഴിക്കുന്നത്. ഒരിക്കൽ ഒരു വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ചതിനുശേഷം ഇയാൾ കിടന്നുറങ്ങിപ്പോയി. അങ്ങനെ പുലർച്ച മൂന്നുമണി നേരത്ത് ഉണർന്ന വീട്ടുകാരിയുടെ ശ്രദ്ധയിൽപ്പെട്ട കള്ളനെ വീട്ടുകാർ മർദ്ദിച്ചു. പോലീസിൽ പിടിപ്പിക്കുമെന്ന് പറഞ്ഞപ്പോൾ പട്ടിണിയാണ് തന്നെ ഈ അവസ്ഥയിലാക്കിയതെന്ന് കള്ളൻ പറയുന്നു. പലയിടങ്ങളിൽനിന്നും ഇതുപോലെ പിടിക്കപ്പെട്ട കള്ളന് കണ്ണിൽ മുളക് തേപ്പു മുതൽ പല കൈയേറ്റങ്ങൾക്കും ഇരയാകേണ്ടി വന്നിട്ടുണ്ട്. എങ്കിലും മനസ്സലിവു തോന്നിയ വീട്ടുകാർ കള്ളനെ വെറുതെ വിട്ടു. പല കൈയേറ്റങ്ങൾക്കും ഇരയായപ്പോൾ ഉണ്ടായ വേദനയേക്കാൾ നെഞ്ചുപൊട്ടുന്ന D വേദനയായിരുന്നു കള്ളനപ്പോൾ അനുഭവിക്കേണ്ടിവന്നത്.

ഇഷ്ടമില്ലാത്ത ഭക്ഷണം വേണ്ട എന്ന് ഒരുനിമിഷംകൊണ്ടു പറയുന്ന പുതുതലമുറയ്ക്ക് വിശപ്പിന്റെ വില മനസ്സിലാക്കിത്തരാൻ ഇത്തരം കഥകൾക്ക് സാധിക്കുന്നു. ഓർക്കുക അന്നം ദൈവമാണ്. അന്നദാനം മഹാദാനം എന്ന യഥാർത്ഥ്യം മനസ്സിലാക്കി ജീവിതം മുന്നോട്ടു നയിക്കൂ....

ഈ യുഗത്തിലും പട്ടിണിയെന്ന ഒന്ന് പലരും അനുഭവിക്കുന്നുണ്ട്. ഒരുനേരത്തെ ഭക്ഷണത്തിനായി മോഷ്ടിക്കേണ്ടിവന്നതും അതുമൂലം കള്ളനെന്ന മുദ്രകുത്തപ്പെടുകയും

മർദ്ദനമേറ്റ് ജീവൻ തന്നെ നഷ്ടമായ ഒരു പാവം ആദിവാസി യുവാവായ 'മധു' ഇതിന് ഒരുദാഹരണമാണ്.

*************************

# രാവെന്ന സൗന്ദര്യം



മറഞ്ഞു മൂവന്തി
വന്നെത്തി രാവ്
കറുത്തുരുണ്ട ഗജം പോലെ
വന്നെത്തി നീ എൻ മുൻപിൽ
മുല്ലയാം നക്ഷത്രങ്ങൾ അലങ്കരിച്ച്
പൊൻ നിലാവിൽ കുളിച്ചെത്തി നീ.
പരമേശ്വരൻ തൻ ജടയിലെ
ശശിയെ നീ ദത്തെടുത്തു
പരിമളം പരത്തി വിടരും മുല്ല
മൊട്ടുകൾ തൻ പതിയാവും രാവേ,
നിന്നെ സ്വീകരിക്കുന്നു ഞാൻ
ഒരു അതിഥിയായി

-മയൂഖ വികാസ്

# അന്നു പെയ്ത മഴയിൽ



കിഴക്കേ പാടത്തിന്റെ മലച്ചെരുവുകളുടെ താഴത്തായി ഓലമേഞ്ഞ ഒരു കൊച്ചുവീടാണ് ജ്വാലയുടേത്.ചെറുതാണെങ്കിലും മനോഹരമാണ് അത്. അവളുടെ സ്വന്തം പ്രയ്തനത്താൽ അവൾ ഉയർത്തിയ വീട്. മുറ്റത്തെ മനോഹരമായ പൂന്തോട്ടം ആ വീടിന്റെ മനോഹാരിത ഒന്നുകൂടി കൂട്ടുന്നു. അവളും അവളുടെ അമ്മയും അനുജത്തിയും മാത്രം അടങ്ങുന്നതാണ് അവളുടെ കുടുംബം. അച്ഛൻ മരിച്ചത് എന്നതിലുപരി ആത്മഹത്യ എന്നതാണ് നല്ലത്. പിന്നീട് എന്തു ചെയ്യണമെന്ന് അറിയാതെ പകച്ചുനിന്ന ആ കുടുംബത്തെ സ്വമനസ്സാലെ തോളിലേറ്റിയാണ് പതിനാറാം വയസ്സിൽ ജ്വാല ആ വീടിന്റെ നാഥയായി മാറുന്നത്.


അവളുടെ അച്ഛൻ മരിച്ചതോടെ അയാളുടെ വീട്ടുക്കാർക്ക് അവരൊരു അധികപെറ്റായി മാറിത്തുടങ്ങി. അതോടെ അവൾ ആ കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കുകയായി. എന്തു ചെയ്യണമെന്ന് അറിയാതെ പകച്ചുനിന്ന അമ്മയ്ക്കും അനുജത്തിക്കും അവൾ ഒരു നാഥയായിരുന്നു. ജ്വാല ഒരു നർത്തകിയായിരുന്നു. ചെറുപ്പത്തിലെ നൃത്തത്തോടുള്ള അവളുടെ വാസനയറിഞ്ഞ് അച്ഛൻ ചെയ്ത ഒരു പുണ്യം. അത് പിന്നീട് ആ കുടുംബത്തിനു വേണ്ടിയുള്ള അതിജീവന മാർഗമായി. രാവുകൾ തോറും വേദികളിൽ നൃത്തം ചെയ്ത് അവൾ ആ കുടുംബത്തിനുവേണ്ടി അധ്വാനിച്ചു. പിന്നീട് സ്വന്തമായി ഒരു വീട് എന്നതായിരുന്നു അവളുടെ സ്വപ്നം. ഒരു ചെറിയ വീടിന്റെ രൂപഘടന അവളുടെ അനുജത്തി വരച്ചു കാണിച്ചപ്പോൾ അവളിൽ വീടെന്ന സ്വപ്നം പൊട്ടുമുളയ്ക്കുകയായിരുന്നു. പിന്നീട് അതിനുള്ള പ്രയത്നമായിരുന്നു. ചെറുതാണെങ്കിലും ഒരു വീട് അവൾ പണിതു. മുറ്റത്തൊരു പൂന്തോട്ടം നട്ടു പിടിപ്പിച്ചത് അവളുടെ അനുജത്തിയാണ്. ഒരു ശുഭമുഹൂർത്തത്തിനായി അവൾ കാത്തിരിക്കുകയും വീടിന്റെ പാലുക്കാച്ചൽ ചടങ്ങ് നിർവഹിക്കുകയും ചെയ്തു. കിഴക്കേ പാടത്തിന്റെ മലചെരുവുകളുടെ താഴെ അവളുടെ വീട് ഉയർന്നു നിന്നു. അന്നു രാത്രി അവൾക്ക് ഏതോ ഒരു ധൈര്യം സംഭരിച്ചതു പോലെയായിരുന്നു. തന്റെ വീട് എന്ന ഒരു വിശ്വാസം അവളിൽ അമർന്നു. പലതും ചിന്തിച്ച് അവൾ പിന്നീട് ഉറങ്ങിപ്പോവുകയായിരുന്നു. കുറേ കഴിഞ്ഞ് രാത്രി കാലിൽ നനവുതട്ടുന്നതുപോലെ തോന്നിയാണ് അവൾ എഴുന്നേറ്റത്. പുറത്തു നല്ല

മഴയാണ്. അതിന്റെ വെള്ളം അകത്തുകയറി എന്നവൾ വിചാരിച്ചു. പുറത്തു പോയി നോക്കാൻ തീരുമാനിച്ച് അവൾ എഴുന്നേറ്റു. മുറിയിൽ കട്ടിലിൽ അവളുടെ അമ്മയും അനുജത്തിയും കിടക്കുകയായിരുന്നു. അവൾ എഴുന്നേറ്റ് പുറത്തുപോയി നോക്കി. പെട്ടെന്ന് മലയുടെ മുകളിൽ നിന്ന് എന്തോ ആരവം പോലെ കേട്ട അവൾ തിരിഞ്ഞു നോക്കി. അവളുടെ കണ്ണുകൾക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. മലയുടെ ഉച്ചിയിൽ നിന്നും ഉഗ്രരൂപത്തിലായി മലവെള്ളം കുതിച്ച് താഴത്തേക്ക് അവൾക്ക് ശബ്ദിക്കാനോ ചലിക്കാനോ സാധിച്ചില്ല. രണ്ടോ മൂന്നോ നിമിഷങ്ങൾ മാത്രം അവളുടെ വിയർപ്പ് തീർത്തും ഇതാ മണ്ണിനടിയിൽ.........

എന്തെന്നറിയാതെ കിടക്കുന്ന അമ്മയും അനുജത്തിയും ആ രൗദ്രരൂപത്തെ നേരിൽ കണ്ട അവളും, മുറ്റത്തെ പൂന്തോട്ടത്തിലെ ആ പൂക്കളും, എല്ലാത്തിനുമുപരി അവൾ പണിത ആ വീടും എല്ലാം ആ മണ്ണിനടിയിൽ ഒന്നുമറിയാതെ..............

അക്ഷയ വി കെ

# കഴിവുകൾ



അപ്പുവും പപ്പുവും ഇരട്ട സഹോദരങ്ങളായിരുന്നു. അപ്പു പഠിക്കാൻ സമർത്ഥനായിരുന്നു. അതുകൊണ്ടുതന്നെ വീട്ടുകാർക്കും അധ്യാപകർക്കും അവനെ ഏറെ ഇഷ്ടമായിരുന്നു. എന്നാൽ പപ്പു പഠിക്കാൻ കുറച്ചു മോശമായിരുന്നു. എന്നിരുന്നാലും അവനൊരു നല്ല പാട്ടുകാരനായിരുന്നു. പപ്പുവിന്റെ ഈ കഴിവിനെ വളർത്താനോ പ്രോത്സാഹിപ്പിക്കാനോ ആരും പരിശ്രമിച്ചില്ല. അങ്ങനെയൊരു ദിവസം അവൻ സ്കൂളിൽ നിന്നും വരുന്ന വഴി ഒരു കാർ വന്നിടിച്ച് അപകടമുണ്ടായി. അവിടെ ഉണ്ടായിരുന്നവർ ചേർന്ന് അവനെ ആശുപത്രിയിലെത്തിച്ചു. ചെറിയ പരിക്കുകളോടെ പപ്പു ആ അപകടത്തിൽ നിന്നും രക്ഷപ്പെട്ടു. ആ കാർ ഓടിച്ചിരുന്നത് ഒരു പ്രശസ്ത സംഗീത സംവിധായകനായിരുന്നു. ആശുപത്രി ചിലവുകളെല്ലാം അയാൾ തന്നെയായിരുന്നു നോക്കിയിരുന്നത്. എന്നും അയാൾ വന്ന് സുഖവിവരങ്ങൾ തിരക്കുമായിരുന്നു. അങ്ങനെ പപ്പുവും അയാളും സുഹൃത്തുക്കളായി. ആ ഇടയ്ക്ക് പപ്പുവിന്റെ പാടാനുള്ള കഴിവ് അയാൾ തിരിച്ചറിഞ്ഞു. ആ കഴിവിനെ വളർത്തിയെടുക്കാൻ അയാൾ ഒരുപാട് ശ്രമിച്ചിരുന്നു. അങ്ങനെ പപ്പുവിന് അയാൾ സംഗീതം ചെയ്യുന്ന പാട്ടിൽ അവസരമൊരുക്കിക്കൊടുത്തു. ഈ അവസരം പപ്പുവിന്റെ ജീവിതത്തെ ഒരുപാട് മാറ്റിമറിച്ചു. അവനെ തേടി ഒരുപാട് അവസരങ്ങൾ വന്നു. അവൻ പ്രശസ്തനായ ഒരു പാട്ടുകാരനായി മാറി. വീട്ടുകാരും അധ്യാപകരും അവനെ പ്രതി അഭിമാനിതരായി. വൈകിയെങ്കിലും അവന്റെ കഴിവ് ലോകമറിഞ്ഞു.

മീഗൾ മരിയ

IX-B

# പുഴയെവിടെ

എരുമേലി പഞ്ചായത്ത്. പുഷ്പമനോഹാരിത ശിരസ്സിൽ ചൂടിയ പൂന്തോട്ടങ്ങൾ, ഇളം കാറ്റിൽ ആലോലമാടുന്ന ലതകൾ, ഒഴുകിയെത്തുന്ന നാടോടിക്കാറ്റ് , ഗ്രാമഹൃദന്തത്തിലാകെ ചന്ദനത്തിരിയുടെ സുഗന്ധം പരത്തി , കാറ്റിൽ തന്റെ ഹരിത വർണമണിഞ്ഞ പീലികൾ വിരിച്ച് പുഞ്ചിരിച്ചാടുന്ന തെങ്ങോലകൾ, പ്രകൃതിയുടെ സൗന്ദര്യാംശത്തിൽ മതിമറന്നങ്ങനെ നിലകൊള്ളുന്ന അനേകം വൃക്ഷങ്ങൾ ഇതായിരുന്നു എരുമേലി ഗ്രാമം. ശാന്തമായി ഒഴുകുന്ന എരുമേലി പുഴയിൽ ഗ്രാമത്തിൽ വസിക്കുന്നവരെ കൂടാതെ മറ്റു ഗ്രാമങ്ങളിലുള്ളവരും നീന്തൽ പരിശീലനത്തിനായി എത്തിച്ചേരാറുണ്ട്. അങ്ങനെ സർവ്വവും പുഴ പോലെ നിശ്ശബ്ദം ഒഴുകുന്നു. “അപ്പൂ, എടാ അപ്പൂ, നീ ഇന്ന് നീന്താൻ വരണില്ലേ ? “ അമ്മു ഉറക്കെ വിളിച്ചു. എരുമേലിയിലെ ഒരു കൂലിപ്പണിക്കാരൻ ഭാസ്കരന്റെ മകളാണ് അമ്മു. ഉറ്റസുഹൃത്തുക്കളായ അപ്പുവും അമ്മുവും അനുദിനം എരുമേലി പുഴയിൽ കുളിക്കാൻ പോവാറുണ്ട്.

“ ഇതാ ഞാൻ വരണ്" അപ്പു മറുപടി നൽകി. അമ്മുവും അപ്പുവും ഗ്രാമവീതിയിലൂടെ മന്ദം നടന്നു നീങ്ങി.

അപ്പു : നീ അറിഞ്ഞോ, നാളെ ഗോപാലേട്ടന്റെ പറമ്പിൽ വരുമത്രേ.

അമ്മു : എന്തിന്?

അപ്പു : നീ ഓർക്കുന്നില്ലേ അമ്മൂ? കഴിഞ്ഞ ദിവസം പട്ടണത്തിൽ നിന്ന് കോട്ടിട്ട് വന്ന ഒരു സാർ പറഞ്ഞത്, ഗോപാലേട്ടന്റെ പറമ്പിൽ.........

അമ്മു : ഹാ ! കിട്ടിപ്പോയി. മാർക്കറ്റു പണിയുമല്ലേ.

അമ്മു ആഹ്ലാദത്തോടെ പറഞ്ഞു.

അപ്പു : മാർക്കറ്റല്ല മണ്ടീ.... ഷോപ്പിംങ് കോംപ്ലക്സ്

അമ്മു : ഈ ഷോപ്പിംങ് കോംപ്ലക്സ് എന്നു വച്ചാൽ

അപ്പു : മത്സ്യമാംസാദികളും പച്ചക്കറി വർഗങ്ങളും ഉടുപ്പും എല്ലാം ഉള്ള വലിയൊരു കെട്ടിടം.

അങ്ങനെയാ അച്ഛൻ പറഞ്ഞത്. ബംഗാളിലുള്ളവരാണത്രേ അത് പണിയുന്നത്. ഇങ്ങനെ പല നാട്ടുവിശേഷങ്ങൾ പറഞ്ഞ് അവരിരുവരും പുഴ കരയിലേക്ക് നടന്നു. പുഴയിൽ ആർത്തുല്ലസിച്ച് ആറുമണിയോടെ മടങ്ങി. എരുമേലി പുഴ ഒഴുകുകയാണ് ചിരിച്ച് ചിരിച്ച് ആടിപാടി. പതിവുപോലെ അമ്മു പിറ്റേദിവസവും കുളിക്കാനായി പുഴയിലേക്ക് ചെന്നു. അന്നവൾക്ക് എന്തെന്നില്ലാത്ത സുഖക്കേട് തോന്നി. അവൾ അപ്പു ഇല്ലാതെയും പലപ്പോഴും പുഴയിൽ പോവാറുണ്ട്. പക്ഷേ അന്നവൾ എന്തെന്നില്ലാതെ വിങ്ങി.

എരുമേലി ഒഴുകുകയാണ് കരതേടി. അപ്പു തന്റെ അമ്മയുടെ വീട്ടിൽ പോയതിനാൽ അമ്മുവും പുഴയിൽ കുളിക്കാൻ പോയില്ല. അഞ്ചാറു ദിനങ്ങൾക്കുശേഷം അപ്പു തിരിച്ചെത്തി. പുഴയിൽ പോവേണ്ട ആവേശത്തിൽ അപ്പുവും അമ്മുവും ഓടിചാടി പുറപ്പെട്ടു. ഗോപാലേട്ടന്റെ പറമ്പിൽ പുതിയ കെട്ടിടത്തിന്റെ പണി പൊടിപൊടിക്കുന്നു.

അമ്മു : ഓ ഈ ബംഗാളികളെ കാണുമ്പോ പേടി തോന്നുന്നു. എത്ര വേഗമാണല്ലേ പണി നടക്കുന്നത് ഇവരുടെയൊരു മിടുക്ക് !

അമ്മുവിന്റെ അഭിപ്രായം ഒന്നു മൂളിക്കൊണ്ട് അപ്പു സമ്മതിച്ചു.അവർ പുഴയ്ക്കരികിൽ മന്ദം നടന്നു നീങ്ങി എത്തിച്ചേർന്നു.

അമ്മു : അയ്യോ എന്റെ ഭഗവതി, ഈ പുഴയ്ക്കെന്തു പറ്റി?

അപ്പു : അമ്മു നമ്മുടെ പരൽമീനുകളെല്ലാം ചത്തുപോയി..... ഇതാ ഇവിടെ നോക്ക്. കറുത്ത വെള്ളം. ഇനി നമ്മൾ എന്തു ചെയ്യും. എവിടെ പോയി കുളിക്കും.

വിതുമ്പിക്കൊണ്ട് അപ്പു ചോദിച്ചു.

അമ്മു : ഇതാ ഒരു പരൽമീൻ. നമുക്ക് ഇവളോട് ചോദിക്കാം എന്താ സംഭവിച്ചേന്ന് . ഹേയ് അവിടെ നിൽക്കു ഇതെന്തു പറ്റിയതാ ഈ പുഴയ്ക്ക്.

പരൽ : കുഞ്ഞുങ്ങളേ നിങ്ങളൊന്നും അറിഞ്ഞില്ലേ ഇവിടെ അടുത്തൊരു കെട്ടിടത്തിന്റെ നടന്നു കൊണ്ടുവരുകയാണ്. അതിനായി മണൽ വാരിയത് ഈ പുഴയിൽ നിന്നാ. മലിനജലം ഇവിടെ ഒഴുക്കിവിട്ട് എന്റെ കൂട്ടുകാരെയൊക്കെ ഇവർ കൊന്നൊടുക്കി. ആ പണിക്കാര് മലമൂത്ര വിസർജനം നടത്തുന്നതുപോലും ഇവിടെയാ. ഇനി ഇവിടെ എന്താ നടക്കുക എന്നറിയില്ല. ഒരു കാര്യം നിശ്ചയം അനവധി വീടുകളിലേക്കുള്ള കുടിവെള്ളം മുടങ്ങും എല്ലാറ്റിനും കാരണം ഈ മനുഷ്യന്റെ വികസനസങ്കൽപ്പങ്ങൾ തന്നെ.

അപ്പു : നീ എവിടെയാ പോകുന്നേ?

പരൽ : ഞാനെന്റെ അനന്തരതലമുറയെ കാത്തിരിക്കുകയാണ്. ഒരു സുരക്ഷിതസ്ഥാനം തേടിയാണ് എന്റെ ഈ യാത്ര. മനുഷ്യർക്ക് അറിയണ്ടല്ലോ ഒന്നും. അവർ ഒന്നും അറിയാതെ സ്വന്തം വിനാശം സ്വയം വരുത്തുന്നു.

പരൽ തന്റെ യാത്ര തുടർന്നു. എങ്ങോട്ട് നീങ്ങണമെന്നറിയാതെ അപ്പുവും അമ്മുവും വിങ്ങി.

എരുമേലി പുഴ ഒഴുകുകയാണ് ശ്രുതിയില്ലാത്ത സംഗീതം പോലെ.

സാനിയ പി

# വിണ്ണിനെ വിസ്മയിപ്പിക്കും തുഷാരഗിരി



യാത്രകളെ സ്നേഹിക്കാത്തവർ ചുരുക്കമായിരിക്കും. ഓരോ യാത്രയും ഓരോ ജീവിതാനുഭവങ്ങളാണ്. സഞ്ചാരങ്ങളിലേർപ്പെടാനും ഉല്ലസിക്കാനും ചുരുക്കം ചില അവസരങ്ങൾ മാത്രമേ എനിക്ക് ലഭിച്ചിട്ടുള്ളൂ. ചിലതാകട്ടെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാനും എനിക്ക് സാധിച്ചിട്ടില്ല. ചിലതോ കാലത്തിനു മായ്ക്കാനാവാത്ത ഓർമകൾ എന്നിൽ സൃഷ്ടിച്ചിട്ടുമുണ്ട്. ഇത്തരമൊരു യാത്രയാണ് ഇക്കഴിഞ്ഞ മേടമാസം ഞാൻ നടത്തുവാനിടയായത്. തികച്ചും വ്യർത്ഥമെന്നനുഭവപ്പെടുന്ന വേനലവധി കടന്നുപോകവേ ഒരു വർഷം നീണ്ട പ്രവാസത്തിനൊടുവിൽ തിരിച്ചെത്തിയ എന്റെ ജ്യേഷ്ഠനോടൊത്ത് ബേപ്പൂർ സുൽത്താന്റെ നാടായ, കൊതിയൂറുന്ന വിഭവങ്ങളുടെ ഗന്ധം പേറുന്ന , കാറ്റുള്ള കോഴിക്കോടിന്റെ മണ്ണിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു. മേൽ പറഞ്ഞ ജ്യേഷ്ഠന്റെ ഭാര്യയും മകളും മറ്റൊരു സഹോദരനുമാണ് സഹയാത്രികർ. ഗൾഫിൽ നിന്നും ചേട്ടന്റെ സുഹൃത്ത് തന്നയച്ച ഉപഹാരങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ നിർവൃതിയോടെ കൊണ്ടുകൊടുക്കുക എന്നതായിരുന്നു യാത്രയുടെ പ്രഥമോദ്ദേശം.

ഏതാണ്ട് 10.30 ഓടെ ഞങ്ങൾ യാത്ര തിരിച്ചു. 1.00 ഓടെ ആവും കോഴിക്കോട് നഗരത്തിലേക്ക് ഞങ്ങൾ പ്രവേശിച്ചത്. ജനനിബിഡമായ മിഠായിതെരുവ് കണ്ട മാത്രയിൽ എസ് കെ പൊറ്റക്കാട്ടിന്റെ 'ഒരു ദേശത്തിന്റെ കഥ' എന്ന നോവലിലെ രസകരമായ കഥകൾ എന്റെ ഹൃദയത്തിൽ ഓടിയെത്തി.ഉച്ചസമയമായതിനാൽ ആദ്യം ഉദരത്തിന്റെ പരാതിയടക്കാൻ ഞങ്ങൾ തീരുമാനമെടുത്തു. സ്വാദിഷ്ടമായ ഭോജനം കഴിച്ചതിനുശേഷം ചേട്ടന്റെ സുഹൃത്തിന്റെ വീട് ലക്ഷ്യമാക്കി ഞങ്ങൾ യാത്ര തിരിച്ചു. ആ വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി അവിടെ വച്ചും ആഹാരം കഴിക്കേണ്ടതായി വന്നു. യഥാർത്ഥത്തിൽ അവരുടെ ആതിഥ്യമര്യാദക്കണ്ട് ഞാൻ അതിശയിച്ചുപോയി. കോഴിക്കോട് ഞങ്ങൾ കണ്ടുമുട്ടിയ പലരും ഇതേ സ്വഭാവസവിശേഷതകൾ പ്രതിഫലിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. അവിടെ നിന്ന് തിരിച്ചതിനുശേഷം ഞങ്ങൾ മൂവരുടേയും താൽപ്പര്യം മാനിച്ച് ജ്യേഷ്ഠൻ 'തുഷാരഗിരിയിലേക്ക്' വാഹനം നയിക്കാൻ നിർബന്ധിതനായി. ഏവരേയും അന്തരംഗാന്തരത്തിൽ ആവേശം തിരതല്ലി.

തുഷാരഗിരി വെള്ളച്ചാട്ടത്തിന്റെ സൗന്ദര്യം വിളിച്ചോതിക്കൊണ്ട് ഏറേ അകലെ വച്ചുതന്നെ ഹരിത വർണ്ണമണിഞ്ഞ മലനിരകൾ ഞങ്ങളെ സ്വാഗതം ചെയ്തു തുടങ്ങിയിരുന്നു. വഴിയരികിൽ തലയുയർത്തിയാടുന്ന വൃക്ഷലതാദികൾ, കളം കളം പാടുന്ന കുഞ്ഞരുവികൾ ഓർക്കുമ്പോൾ മേനിയിൽ മഞ്ഞുവീണതുപോലെ അനുഭവപ്പെടുന്നു. ഒടുവിൽ നാലേ മുപ്പതോടെ ഞങ്ങൾ തുഷാരഗിരിയിൽ എത്തിച്ചേർന്നു.

തുഷാരഗിരി ചിണുങ്ങി ചിണുങ്ങി മഴയായാണ് ഞങ്ങളെ പ്രഥമമായി സ്വാഗതം ചെയ്തത്. മഴ നനയാതിരിക്കാൻ നാനാവിധ വർണ്ണങ്ങൾ ചാലിച്ച തൊപ്പികൾ ശിരസ്സിലേറ്റി യാത്ര തുടർന്നു. പ്രവേശനകവാടം മഞ്ഞവർണ്ണം ചാലിച്ച മുളകൾ കൊണ്ടാണ് . വീഥിയുടെ ഇരുവശത്തും കൊച്ചു കൊച്ചു ചെടികൾ. അൽപ്പമകലേ കമ്പികൾ കൊണ്ട് നിർമ്മിതമായ പഴയ പാലം. അവയുടെ അരികിലായി ഭീകരതയോടെ ഉറ്റുനോക്കുന്ന പാറകൾ. പാറകളെ തകർത്തെറിഞ്ഞ് പരന്നൊഴുകാൻ സാധിക്കുന്നില്ലല്ലോ എന്നോർത്ത് വ്യസനിക്കുന്ന കൊച്ചരുവി. അൽപദൂരം കഴിഞ്ഞാൽ മരങ്ങളാൽ നിർമ്മിതമായ ചെറുപാലം. അതിന്റെ വക്കത്ത് സഞ്ചാരികളെ സ്വീകരിക്കുന്നതുപോലെ നിലകൊള്ളുന്ന വലിയ പാറ. പാലത്തിൽ വച്ചുതന്നെ വെള്ളച്ചാട്ടത്തെ ചെറിയതോതിൽ കാണുവാൻ സാധിക്കുമായിരുന്നു. പിന്നീടുള്ള വീഥികൾ തോറും ഇരിപ്പിടങ്ങൾ. ഒടുവിൽ ഞങ്ങൾ ആ വിസ്മയത്തിനരികിൽ എത്തിച്ചേർന്നു. വെള്ളച്ചാട്ടത്തിന്റെ ഭീകരസ്വരം കാതുകളിൽ തുളച്ചുകയറി. ഒരു കാനനത്തിന്റെ പശ്ചാത്തലത്തിൽ ഞങ്ങൾ സാക്ഷ്യം വഹിച്ചത് ഒരു മഹാദൃശ്യത്തിനായിരുന്നു. മുകളിൽ പരന്ന പാറകൾ അവയുടെ ശിരസ്സിൽ നിന്നും അഴിഞ്ഞു വീണ കേശം പോലെ ഒഴുകി വീഴുന്ന ജലപാളി മഴയുടെ തീവ്രതയ്ക്കനസൃതമായി ജലപാതയുടെ വേഗത വർദ്ധിക്കുന്നു. മഴ കനത്തതിനാൽ വെള്ളച്ചാട്ടത്തിലേക്ക് പോകാൻ സാധിച്ചില്ല. അവിടെയുള്ള മൃഗങ്ങളുടെ നാമം അലേഖനം ചെയ്ത ബോർഡ് ശ്രദ്ധയിൽപ്പെട്ടത് മടക്കയാത്രയിലാണ്. അവയെ കണ്ടില്ലല്ലോ എന്ന ദുഃഖം ബാക്കിയായി.

പഴംപാട്ടിന്റെ മാധുര്യവുംവ പുതു സംഗീതത്തിന്റെ നുരയുന്ന ലഹരിയും പോലെ അനേകരെ വിസ്മയിപ്പിക്കുന്ന ദൈവസ്പർശമേറ്റ കേരളത്തെ വർണശലഭവും സഞ്ചാരിപ്രിയവുമാക്കി മാറ്റുന്ന പ്രകൃതിയുടെ കയ്യൊപ്പ് ചാർത്തിയ രത്നമഞ്ചു ഭൂഷണമാണ് തുഷാരഗിരി വെള്ളച്ചാട്ടം. ഈ നിമിഷത്തിൽ ഡേവിഡ് ലിവിങ്ങ് സ്റ്റണിന്റെ വാക്കുകൾ കടമെടുക്കാൻ എന്റെ മനം തുടിക്കുന്നു; “ ഇത്തരമൊരു ഹൃദയഹാരിയായ കാഴ്ച ഗഗനസഞ്ചാരികളായ മാലാഖമാർ മാത്രമേ കണ്ടിട്ടുണ്ടാകൂ"

# വഴിത്തിരിവ്



നിലാവുള്ള രാത്രി. രാഹുലിന്റെ അച്ഛൻ അന്ന് വളരെ വഴക്കിട്ടായിരുന്നു വീട്ടിൽ എത്തിയിരുന്നത്. കിടപ്പിലായിരുന്ന തന്റെ അമ്മയ്ക്ക് ഭക്ഷണം നൽകികൊണ്ട് രാഹുൽ അച്ഛന്റെ അരികിലേക്ക് ചെന്നു. ദാരിദ്ര്യത്തിന്റെ മുൾമുനയിലായിരുന്നു അവരുടെ ജീവിതം. പ്രളയകെടുതികാരണം അച്ഛന്റെ കൃഷിയിടങ്ങളെല്ലാം നശിച്ചുപോയി എന്ന വാർത്ത രാഹുൽ തന്റെ അച്ഛന്റെ വായിൽ നിന്നുതന്നെ കേൾക്കാനിടയായി. ആ ദുഃഖകരമായ വാർത്ത രാഹുലിന്റെ ഇടനെഞ്ചിൽ ഒരു ഭയാനകമായ ഭീതിയെ സൃഷ്ടിച്ചു. അവൻ ചിന്തിച്ചു. അച്ഛന്റെ ജോലി കൂടി ഇല്ലാതായാൽ തന്റെ കുടുംബം നിലനിൽക്കില്ല എന്ന മഹാസത്യം രാഹുലിനറിയാം. തന്റെ ചെറുകുടിലിലെ കട്ടത്ത അന്ധകാരത്തെ പരാജയപ്പെടത്തി കൊണ്ട് കത്തിജ്വലിക്കുന്ന ഒരു ചെറിയ മണ്ണെണ്ണ വിളക്കിനെ നോക്കിക്കൊണ്ട് അവൻ ഒരു തീരുമാനത്തിലെത്തി. ജീവിതമാകുന്ന കടലിലെ ഭീമൻ തിരമാലകളാകുന്ന സാഹചര്യത്തെ മറികടക്കാൻ താൻ കൂടി ജോലി ചെയ്യണമെന്ന് രാഹുൽ മനസിലാക്കി. പഠിത്തത്തിൽ വളരെ പിന്നോട്ടായിരുന്നു രാഹുൽ. എന്നാൽ കാൽപ്പന്തിനെ അവൻ ജീവനുതുല്യം പ്രണയിച്ചിരുന്നു. കാൽപ്പന്തിന്റെ ആകർഷണവലയത്തിലായിരുന്നു അവൻ. അവനെ അതിൽ നിന്ന് ആർക്കും പിൻതിരിക്കാൻ സാധിച്ചിരുന്നില്ല. ഒരു ദിവസം ടീച്ചർ അവനോട് പറഞ്ഞു. " നീ ഈ കാൽപ്പന്തിന്റെ പിന്നാലെ പോയ്ക്കോ.... നീ എവിടെയും എത്താൻ പോകുന്നില്ല. " ആ ടീച്ചറിന്റെ നിരുത്സാഹവാക്കുകളായിരുന്നു രാഹുലിന് പ്രചോദനവും വാശിയും നൽകിയത്. അവൻ അങ്ങനെ തന്റെ പഠിപ്പ് ഉപേക്ഷിച്ച് അച്ഛന്റെ കൂടെ കൃഷിപ്പണിയെടുത്തുകൊണ്ട് ജീവിതം മുന്നോട്ട് കൊണ്ടുപോയി. എന്നാൽ ആ സന്ദർഭത്തിലും അവൻ പന്തുകളിക്കാണ് കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്. അങ്ങനെ അവൻ പന്തുകളി തുടർന്നുകൊണ്ടിരുന്നു. നാട്ടിൽ നടന്ന ധാരാളം ഫുട്ബോൾ ക്യാമ്പുകളിൽ രാഹുൽ പങ്കെടുത്തു. വലിയ വിദേശപരിശീലകരിൽ നിന്ന് രാഹുൽ വിദഗ്ധപരിശീലനങ്ങൾ നേടി. അങ്ങനെ ലോക പ്രസിദ്ധന്മാരായ പരിശീലകരുടെ കണ്ണിലുണ്ണിയായ് അവൻ മാറി. കാൽപ്പന്തിന്റെ മായാജാലം അവന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കി. അവസാനം ലോകോത്തര കളിക്കാരിലൊരാളായി രാഹുലും മാറി.

കാലങ്ങൾ കടന്നു പോയി. രാഹുൽ പഠിച്ച സ്കൂളിൽ ഒരു പൂർവ്വവിദ്യാർത്ഥിസംഗമം വെയ്ക്കുകയുണ്ടായി. ആ ചടങ്ങിലെ വിശിഷ്ടാതിഥിയായിരുന്ന രാഹുൽ. അന്ന് രാഹുലിനെ നിരുത്സാഹപ്പെടുത്തിയ ടീച്ചർ കാൺകെ അവൻ ആ ചടങ്ങ് ഉൽഘാടനം ചെയ്തു. രാഹുൽ ടീച്ചറോട് പറഞ്ഞു. "ടീച്ചർ അന്നങ്ങനെ പറഞ്ഞില്ലായിരുന്നുവെങ്കിൽ ഞാൻ ഇന്നീ നിലയിൽ എത്തില്ലായിരുന്നു."

റിയ. എസ്. രാകേഷ്
IX A

# ഗഗനത്തിൻ കണ്ണീർ

പുതുനാമ്പു പൊട്ടും മുൻപേ ,
നിൻ മിഴിയിൽ നിന്നു പൊഴിഞ്ഞു കണ്ണീർ
ഗഗനമേ, നീ സമ്മാനിച്ചു,
ജീവന്റെ ചെറു നീർത്തുള്ളികൾ-
എൻ മനം നിറഞ്ഞു,
നിൻ സമ്മാനങ്ങളാൽ.



ഇടിമുഴക്കം മിന്നൽപ്രകാശം
കറുത്തിരുണ്ടു നീ നിൽക്കുമ്പോൾ,
സർവചരാചരങ്ങൾക്കുംഉന്മാദാവേശം.
ആനന്ദമാം തെളിനീർ മുത്തുകൾ
നീ എനിക്ക് സമ്മാനിച്ചു.

എന്നാൽ ഒരിക്കൽ നീ തന്നു,
ശിക്ഷയാം ഭീകരസമ്മാനം.
നിൻ ഭീകര സമ്മാനം കൊണ്ട്
പൊലിഞ്ഞു സഹസ്രജീവനുകൾ.

നീ എടുത്തു ജീവൻ,
രക്തം പുരണ്ടു കേരളം
നീ വേദനയോടെ കണ്ണീർ പൊഴിച്ചപ്പോൾ,
മുങ്ങിത്തീർന്നു കേരനാട്.

നാം ചെയ്ത തെറ്റുകൾക്ക്,
ഒരു പതിനായിരം തവണ ക്ഷമിച്ചു നീ.
സഹനത്തിൻ പര്യായമാം നീ,
പൊട്ടിക്കരഞ്ഞു.... നോവോടെ.

-മയൂഖ വികാസ്
IX A

# തണൽ

സേക്രഡ് ഹാർട്ട് സ്കൂളിലെ മരത്തണലിൽ ഇരുന്ന് മിസ്സ്. കുമാരി നാളുകൾക്ക് ശേഷം ചിന്തിക്കുകയായിരുന്നു ; " ഇത് ഞാൻ പഠിച്ച കലാലയം, ചുണ്ടിൽ നറുപുഞ്ചിരിയുമായി ഓടി നടന്നിരുന്ന സിസ്റ്റർ പെടീശ്യ, കൈയ്യിൽ ചൂരലുമായി സ്നേഹത്തോടുകൂടി കുട്ടികളെ ശാസിച്ചിരുന്ന ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ അമല, 8.B യിൽ കണക്കു പഠിപ്പിച്ചിരുന്ന ഷീജ ടീച്ചർ. ഇവരൊക്കെയാണ് കേരളം ഇന്നറിയപ്പെടുന്ന എന്നെ മിസ്സ്. കുമാരിയാക്കി മാറ്റിയത്.

8.B യിൽ പഠിക്കുമ്പോൾ ഞാൻ വെറും സാധാരണ പെൺകുട്ടിയായിരുന്നു. അധികം ആരോടും കൂട്ടുകൂടാതെ ക്ലാസിൽ മൂറിയിൽ ഇരുന്ന് പഠിച്ച ഞാൻ ഒരു ശരാശരി വിദ്യാർത്ഥിനി മാത്രമായിരുന്നു. എന്നാൽ 9- ാം ക്ലാസ്സിൽ എത്തിയപ്പോഴേക്കും എന്നെ കണക്കു പഠിപ്പിച്ചിരുന്ന ഷീജ ടീച്ചർ എന്നിലെ സർഗവാസന കണ്ടെത്തുകയും ടീച്ചറുടെ പ്രേരണ നിമിത്തം കഥ, കവിത, നൃത്തം, പ്രസംഗം തുടങ്ങി സമസ്തമേഖലകളിലും സ്കൂൾതലം, വിജയം കൈവരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഷീജ ടീച്ചറായിരുന്നു എന്നിൽ സിവിൽ സർവ്വീസ് എന്ന ആശയം കുത്തിവച്ചത്. പൊതുജനങ്ങളെ സേവിക്കുവാനും അവർക്ക് നന്മ ചെയ്യുവാനും ഇതാണ് നല്ലത് എന്ന ആശയം എനിക്കുമുണ്ടായി. തുടർന്ന് അതിനായുള്ള തയ്യാറെടുപ്പുകൾ നടത്തുകയും SSLC ക്കും ഡിഗ്രിക്കും ഒന്നാം റാങ്കോടുകൂടി പാസാവുകയും ചെയ്തു അപ്പോഴും സിസ്റ്റർ പെടീശ്യയും സിസ്റ്റർ അമലയും ഷീജ ടീച്ചറും എനിക്ക് പഠനകാര്യങ്ങളിൽ മാർഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. അവർ ഇല്ലായിരുന്നുവെങ്കിൽ കുമാരി എന്ന IAS ക്കാരി ഉണ്ടാവുമായിരുന്നില്ല.

ഇന്ന് സിവിൽ സർവ്വീസ് ഫൈനൽ പരീക്ഷയുടെ ഫലം വന്നപ്പോൾ ഒന്നാം റാങ്കുനേടാനായത് എന്റെ ഗുരുജനങ്ങളുടെ അനുഗ്രഹവും ആശിർവാദവും കൊണ്ടാണ്. അതുകൊണ്ടുതന്നെയാണ് ഈ നല്ല വാർത്ത പറയുവാനായി ഞാൻ ഇങ്ങോട്ട് വന്നതും ഈ മരത്തണലിൽ കാത്തുനിൽക്കുന്നതും.

-ശാരിക എസ്

IX A

# ഓർമ്മകൾ മാത്രം



ഓർത്തിരിക്കുന്നു ഞാൻ ആ നല്ല നാളിന്റെ
ചിരിയുള്ള നാളുകൾ മാത്രമായി....
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കെന്റെ
മൗനമില്ലാത്തൊരു വാക്കുകളും....
ചിങ്ങമാസത്തിന്റെ ഓണപുലരിയിൽ
പുഞ്ചിരി തൂകുന്ന തുമ്പച്ചെടി
കളകളം പാടി രസിച്ച പറക്കുന്ന
കിളികളെ കാണുവാനെന്തു ഭംഗി
ബാല്യകാലത്തിന്റെ സൗരഭ്യമേറുന്ന
പുഞ്ചിരി ഇന്നെനിക്കോർമ്മ മാത്രം....
ഇതൾപൊട്ടി വീഴുന്ന റോസാചെടിപോൽ
തുളുമ്പുന്ന ജീവിതം ഒന്നു മാത്രം....
തിരക്കേറിയോടുന്ന ജീവിത യാത്രയിൽ
മറന്നുപോകുന്നൊരാ ബാല്യകാലം
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കെന്റെ
മാധുര്യമുള്ളൊരാ ബാല്യകാലം....
ഓർത്തിരിക്കുന്നു ഞാൻ ആ നല്ല നാളിന്റെ
ചിരിയുള്ള നാളുകൾ മാത്രമായി
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കെന്റെ
മൗനമില്ലാത്തൊരാ പുഞ്ചിരികൾ.......

വിസ്മയ വിനോദ് കെ പി

# എന്റെ ബാല്യം



ഓർക്കുന്നു... ഞാനെന്റെ ബാല്യകാലം

സഖേ... മറക്കുവാനാവാത്ത മധുരകാലം

മണ്ണപ്പം ചുട്ടതും... മാമ്പൂവിറുത്തതും
മാമ്പഴം തിന്നതും മഴയിൽ കുതിർന്നതും
ഇന്നലെയിലെന്ന പോൽ ഓർക്കുന്നു

ഞാൻ....
മഞ്ചാടി മണിയിലും കുപ്പിവളപ്പൊട്ടിലും
മയിൽപ്പീലിത്തുണ്ടിലും കൗതുകം പൂണ്ടൊരു

ബാല്യകാലം...
മാമ്പഴം തിന്നുവാൻ മാവിൻ ചുവട്ടിലായ്

കാറ്റിന്റെ കനിവിനായ് കൊതിയോടെ നിന്നൊരു ബാല്യകാലം...
ഊഞ്ഞാലിരുന്നൊന്ന് ഉയരത്തിലാട്ടുമ്പോൾ

ആകാശം മുട്ടുവാൻ വെറുതെ കൊതിച്ചൊരു ബാല്യകാലം...
തിരികെ വരില്ലിനിയൊരു നാളിലും

മധുരമാം ഓർമ്മ തന്ന ബാല്യകാലം....

ഷിംന

# ആരുമില്ലാത്തവർക്ക് ഒരാശ്വാസം



ഞാൻ ഏഴാം തരത്തിൽ പഠിക്കുമ്പോൾ അതായത് 2017 -ൽ ഞങ്ങൾ സ്കൂളിൽ നിന്നൊരു യാത്ര പോയി. കണ്ണൂരിലെ അഗതിമന്ദിരങ്ങളിലൊന്നായ 'അമല ഭവനി' ലേക്കായിരുന്നു യാത്ര. അവിടെ അറുപതിലധികം പേർ ഉണ്ടായിരുന്നു. ആരോരുമില്ലാതെ സങ്കടങ്ങളുടെ തീരാസാഗരത്തിൽ ജീവിക്കുന്നവർ. ഇത്തരം പേർക്ക് ഒരു ആശ്രയമാണ് ഇതുപോലുള്ള അഗതിമന്ദിരങ്ങൾ. ഞങ്ങൾ അവിടെ എത്തിയ ഉടനെ തന്നെ ഒരു അമ്മമ്മ ഞങ്ങളെ " വാ ... മക്കളെ " എന്നു പറഞ്ഞു വിളിച്ചു. അപ്പോൾ ഞങ്ങൾക്കെല്ലാവർക്കും വളരെ അധികം സന്തോഷം തോന്നി. പിന്നെ ഞങ്ങൾ താഴത്തെ നിലയിൽ ഞങ്ങളുടെ കൂടെ ഇരിക്കുന്നവരോടൊത്ത് കുറച്ചുനേരം ചിലവഴിച്ചു. അടുത്തതു ഞങ്ങളുടെ കലാപരിപാടികൾ ആയിരുന്നു. പാട്ടും, നൃത്തവുമെല്ലാമുണ്ടായിരുന്നു. ഞങ്ങളോടൊത്ത് അവരും കുറേ പാട്ടുകൾ പാടി. പിന്നെ താഴെ ഇറങ്ങാനാവാതെ മേലേ ഇരുന്നവരെ നാം കാണാൻ പോയി. അവരും നമുക്ക് കുറേ പാട്ടുകൾ പാടി തന്നു. നമ്മൾ സ്കൂളിൽ നിന്നും അവർക്ക് ടൊയ്‌ലറ്റ് ക്ലീനറുകളും മറ്റുമാണ് കൊണ്ട് പോയത്. അത് അവർക്ക് കൊടുത്തു. അങ്ങനെ അവരുടെ കൂടെ കുറേ നേരം ചിലവഴിച്ചതിനുശേഷം നമ്മൾ തിരികെ പോവാൻ പുറപ്പെട്ടു.

അത് എന്റെയെന്നുമാത്രമല്ല എല്ലാവരുടേയും ജീവിതത്തിലെ മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു. അവരുടെ സങ്കടങ്ങൾക്കു മുമ്പിൽ നമ്മുടെ ചെറു സങ്കടങ്ങൾ ഒന്നുമല്ല.

# മരമെന്ന വരം



ഭൂമിക്ക് തണലായ് മാറുന്നൊരു വരം
ജീവന്റെ തുടിപ്പിന് നിദാനമീ വരം
ജീവികൾക്കാവാസമായിടുന്നീ വരം
ജലനീരു പെയ്യിക്കുവാനീ വരം
നാടിന്റെ ഭംഗി വളർത്തുന്നൊരീ വരം
മധുരമൂറും പഴം നൽകുന്നൊരീവരം
സുഗന്ധമോലുന്നൊരീ പൂക്കൾ
വിടരുന്നൊരീ വരം
പാരിൽ എന്നും വരമായ്
നിൽക്കുന്നൊരീ മരം

-അരുണിമ എം പി

IX D

# ഒരു പിതാവിന്റെ രണ്ട് മക്കൾ

ഒരിടത്ത് രണ്ട് സഹോദരന്മാരുണ്ടായിരുന്നു. ഒരാൾ ഭയങ്കര മദ്യപാനിയായിരുന്നു. എന്നും മദ്യപിച്ച് അയാൾ തന്റെ ഭാര്യയേയും മക്കളേയും ഉപദ്രവിക്കും. അയാളുടെ സ്വഭാവം ആർക്കും ഇഷ്ടപ്പെടുന്നതായിരുന്നില്ല. എന്നാൽ രണ്ടാമത്തെ സഹോദരൻ ഇങ്ങനെയായിരുന്നില്ല. അയാൾ നല്ല ജോലി ചെയ്ത് തന്റെ കുടുംബത്തോടൊപ്പം വളരെ സന്തോഷത്തിൽ ജീവിച്ചു. രണ്ട് പേരുടേയും ജീവിതം കണ്ട് എല്ലാവർക്കും അത്ഭുതമായിരുന്നു. ഒരേ മാതാപിതാക്കളുടെ മക്കൾ ഇങ്ങനെ വ്യത്യസ്ത സ്വഭാവം പുലർത്തുന്നത് എന്തു കൊണ്ടാണെന്ന് ആർക്കും മനസ്സിലായില്ല. അതിനാൽ നാട്ടുകാർ ഇതിന്റെ പൊരുളെന്തറിയാൻ രണ്ടു സഹോദരന്മാരുടേയും അടുത്തു ചെല്ലാൻ തീരുമാനിച്ചു.

കുറച്ചുപേർ ആദ്യത്തെ സഹോദരന്റെ അടുത്തു പോയി ചോദിച്ചു. " താങ്കൾ എന്താണിങ്ങനെ പെരുമാറുന്നത്. എന്നും താങ്കൾ ഭാര്യയേയും മക്കളെയും ഉപദ്രവിക്കുന്നു. താങ്കൾക്ക് ഇതിന് പ്രചോദനമായത് എന്താണ്? " അദ്ദേഹം നൽകിയ മറുപടി ഇങ്ങനെയായിരുന്നു. " എന്റെ അച്ഛനെക്കണ്ടാണ് ഞാനിങ്ങനെ പഠിച്ചത്." എന്നാൽ അയാളുടെ ഉത്തരം ആർക്കും തൃപ്തികരമായിരുന്നില്ല. അയാൾ തുടർന്നു. "എന്റെ അച്ഛൻ എന്നും മദ്യപിച്ച് ഞങ്ങളേയും അമ്മയേയും ഉപദ്രവിക്കുമായിരുന്നു. അതിനാലാണ് ഞാനും ഇങ്ങനെയായത്." ആദ്യത്തെ സഹോദരന്റെ അടുത്തു നിന്നും അവർ രണ്ടാമത്തെ സഹോദരന്റെ അടുത്തെത്തി. അതേ ചോദ്യം അവർ രണ്ടാമത്തെ സഹോദരനോടും ചോദിച്ചു. അദ്ദേഹം പറഞ്ഞ മറുപടി എല്ലാവരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. "എന്റെ അച്ഛനാണ് എനിക്ക് പ്രചോദനമായത്. എന്റെ കുട്ടിക്കാലം മുതൽ തന്നെ എന്റെ അച്ഛൻ മദ്യപിച്ച് വന്ന് ഞങ്ങളെ ഉപദ്രവിക്കുമായിരുന്നു. അന്നു മുതൽ ഞാൻ തീരുമാനമെടുത്തതാണ് ഞാനൊരിക്കലും ഇതുപോലെ പ്രവർത്തിക്കില്ലെന്ന്. അതുകൊണ്ട് എനിക്ക് തെറ്റൊന്നുമില്ലാതെ ഒരു കുടുംബജീവിതം നയിക്കാൻ സാധിക്കുന്നു.

ഒരാളുടെ പ്രവർത്തിയിൽ നിന്നാണ് രണ്ടുപേരും തെറ്റും ശരിയും ഉൾക്കൊണ്ടിരിക്കുന്നത്. നമുക്ക് ജീവിതത്തിൽ കിട്ടുന്ന അനുഭവങ്ങളെ എങ്ങനെ ഉപയോഗിക്കുന്നുവെന്നതാണ് ജീവിതവിജയത്തിന്റെ രഹസ്യം.

-അരുണിമ എം പി

IX D

# മേഘങ്ങൾ പെയ്തൊഴിയാതെ

വന്നുവോ.... കാർമേഘങ്ങൾ തൻ ആകാശം

പെയ്യാൻ വിതുമ്പുന്നുവോ....

കാർമേഘങ്ങൾ....



ഒരു ജലകണിക വന്നു ഭൂമിയിൽ

പതിക്കവേ,

മണ്ണറിയുന്നു ആ മഴ.

ജലത്തുള്ളി ഓരോന്നായി വീഴ്കേ,

മണ്ണിൻ സുഗന്ധം പരക്കവേ...

ആർത്തുവന്ന മഴ എവിടെയോ

മായവേ...

സൂര്യൻ ഉണരവേ

ജലത്തുള്ളി ഓരോന്നായി മായവേ

ഉഷ്ണസഞ്ചാരം ബാക്കിയായ്......

ഹിമ പ്രദീപ്

IX D

# ജാതിമതഭേദം



ജനിച്ചുവീണ നാൾ കേട്ടില്ല
ജാതിയേതെന്നോ, മതമേതെന്നോ
അമ്മപ്പാൽ നുകരുമ്പോഴും കേട്ടില്ല.
ജാതിയേതെന്നോ, മതമേതെന്നോ
പിച്ചവെക്കുമ്പോൾ ചോദിച്ചില്ലാരും
നിൻ ജാതിയും മതവും അൽപ്പവും
പള്ളിക്കൂടത്തിൽ ചെല്ലവേ
ചോദ്യമായി അധികം നാവുകൾ
നിൻ ജാതിയേത്? നിൻ മതമേത്?
പിന്നെയും പിന്നെയും കേൾക്കുന്നു എൻ കാതുകൾ
ജാതിയും മതവും ഏതെന്ന്?
നാവു പിന്നെയും താഴുന്നു
ജാതിയേതെന്ന് ചൊല്ലുവാൻ
പിന്നെ..........

ഹിമ പ്രദീപ്
IX D

# ഏകയായ്



ഇരുട്ടായിരുന്ന എനിക്ക് പ്രിയം,
എൻ ചിന്തകൾ വസന്തമാവും നേരം,
ഞാനും ഇരുട്ടും മാത്രം,
അവിടാർക്കും സ്ഥാനം നൽകാതെ,
വെളിച്ചം-
ഒരു ശത്രുവാകാതെ
അത് ഒരു ശല്യമാകുന്നു,
വെളിച്ചത്തിന്റെ നിറത്തിൽ ചിന്തകൾ മായുന്നു,
പിന്നെ ഞാൻ ഏകയായ്,
എല്ലാവരിലും ഒരാൾ മാത്രമായി......

ഹിമ പ്രദീപ്
IX D

# ചിതലരിച്ചവർ

മരുന്നിന്റെ തീക്ഷ്ണഗന്ധം നിറഞ്ഞൊരാശുപത്രിക്കിടക്കയിൽ നിന്നും അവസാന ശ്വാസമെടുക്കാനാവാതെ ഓർമകളാകുന്ന ഒരായിരം വർണ്ണങ്ങളുമായി ഒരു ചിത്രശലഭം, ഇരുട്ട് കടമെടുത്ത ആ മുറിയിൽ വിരുന്നെത്തി.



അതിന്റെ ചിറകിൽ നിന്നുതിരുന്ന ഓരോ വർണ്ണവും പഴയകാല സ്മരണകളിലേക്ക് അവളെ കൊണ്ടുപോയി.

സർവ്വവും വിട്ടെറിഞ്ഞൊരുനാൾ വീടുവിട്ടിറങ്ങിയപ്പോൾ പോലും തോന്നാതിരുന്ന ഭയം, പാതിമൃതമായ മനസ്സിനെ കാർന്നുതിന്നാൻ ഒരുങ്ങി.

ഭയത്താൽ മുഖം തിരിച്ചപ്പോഴും മറക്കാൻ ശ്രമിച്ച, മറന്ന പല മുഖങ്ങളും ഓർമ്മിക്കാൻ എന്ന വണ്ണം ആ വർണ്ണശലഭം അവളെ വലംവച്ച് പറന്നു.

മറ്റാരേയോ തോൽപ്പിക്കാനെന്ന പേരിൽ സ്വമേധയ വരിച്ച ഏകാന്തത തന്നെത്തന്നെ നോക്കി പരിഹസിക്കുന്നതായി അവൾക്കു തോന്നി.

നിശ്ചലം......

നിറഞ്ഞ മിഴികളും, മന്ദസ്മിതം ളുകുന്ന അധരങ്ങളും സമ്മാനിച്ച് കൊണ്ട് മരവിച്ചുകിടക്കുന്ന അവൾക്ക് അന്ത്യോപചാരം അർപ്പിക്കാൻ എത്തിയവരുടെ തിരക്കായിരുന്നു പിന്നീടവിടെ.

-അഞ്ജന സന്തോഷ്

Editor – In – chief

# അഥവാ ഒരെഴുത്തുകാരി!



അക്ഷരങ്ങളോട് ഒരുത്തരം ഭ്രാന്തായിരുന്നു.....
അവയോട് പൊരുതി തോൽവി ഏറ്റുവാങ്ങിയ മനസ്സായിരുന്നു കലാലയ ജീവിതത്തിന്റെ ബാക്കി പത്രം. മത്സരിക്കാൻ വേണ്ടി എഴുതുമ്പോൾ മഷി തെളിയാറില്ല എന്റെ പേനയ്ക്ക്. എങ്കിലും തോൽവി അംഗീകരിക്കുവാൻ മനസ്സ് അനുവദിച്ചിരുന്നില്ല.... അതിനാലാണ് മുന്നോട്ടുള്ള വഴിയും അക്ഷരങ്ങൾക്ക് തീറെഴുതിക്കൊടുത്തത്.

അച്ഛന്റെ പാത പിന്തുടർന്ന് ഒരുപാട് എഴുതി.... ഒരുതരം ഭ്രമം..... അക്ഷരങ്ങളെ പ്രണയിച്ചവൾ.... മനസ്സിൽ തോന്നിയതെല്ലാം കുറിച്ചിട്ടു.

പക്ഷേ..... അന്നന്നത്തെ അന്നത്തിനു വക കണ്ടെത്താൻ തന്റെ പേനയ്ക്ക് മൂർച്ച പോരെന്ന് അന്നവൾക്ക് മനസ്സിലായി.

ഓരോ എഴുത്തുക്കാർക്കും അവരുടേതായ ഒരു ശൈലി ഉണ്ടായിരുന്നു. ഒരു കൈയ്യൊപ്പ്!

കുഞ്ഞുണ്ണിമാഷിന്റെ കാച്ചിക്കുറുക്കിയ വരികൾ, ഗ്രാമീണതയുടെ സൗരഭ്യം പരത്തിയ തകഴിയുടെ കൃതികൾ.... അങ്ങനെയങ്ങനെ.....

പക്ഷേ അവളുടെ ഹൃദയത്തിൽ ആഴത്തിൽ വേരുപിടിച്ചത് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ആധുനികത ആയിരുന്നു.

“I’m the poet of a lost and failed generation” എളിമയുള്ള കലാകാരന്റെ വാക്കുകൾ ! അവരുടെ കാലത്തെ സാഹിത്യലോകമല്ല ഇന്ന്. എല്ലാം ഒട്ടേറെ മാറി. ഇവിടെയും ratings സ്ഥാനം പിടിച്ചു വാങ്ങി.

ഭാഷയ്ക്കും ഭാഷാഭംഗിക്കും വിഹാരകേന്ദ്രം നഷ്ടപ്പെട്ടിരിക്കുന്നു. സാഹിത്യം ബ്ലോഗ് എഴുത്തുകളിൽ മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു.

മനം മടുത്തപ്പോഴാണ് ഒരു ജോലിക്ക് കയറിയത്. ഒരു പ്രമുഖ പത്രത്തിന്റെ Editor – in - chief. പിന്നൊന്നും നോക്കിയില്ല.

സമൂഹത്തിൽ നടക്കുന്ന അനീതിക്കെതിരെ വാക്കുകൾക്കൊണ്ട് അതിശക്തമായി പോരാടാൻ ഒരിടം എന്നായിരുന്നു തുടക്കത്തിൽ.

പക്ഷേ സ്ഥിതി പഴയതിനേക്കാൾ ദുരിതം. ആദ്യം സ്വതന്ത്രായിരുന്നു. എന്തുമെഴുതാം. ഇപ്പോൾ കൂട്ടിലടയ്ക്കപ്പെട്ട പക്ഷിയാണ്. എവിടെയും മേൽനോട്ടക്കാർ....

എല്ലാം commerical ആണ് ആർക്കൊക്കെയോ വേണ്ടി വാർത്തകൾ വളച്ചൊടിക്കപ്പെടുന്നു.

തന്റെ അക്ഷരങ്ങൾക്കും ചിന്തകൾക്കും ആ പട്ടുകുറ്റൻ ഓഫീസിന്റെ ഒരു കോണിലിരിക്കുന്ന ഒരു കോണിലിരിക്കുന്ന ചവറ്റുകുട്ടയായിരുന്നു സ്ഥാനം.

അന്വേഷിച്ചപ്പോൾ ആത്മാർത്ഥതയ്ക്ക് കൂലി ലഭിക്കില്ല എന്നായിരുന്നു മുകളിൽ നിന്നുള്ള മറുപടി.

ഉലകി പടവാളാക്കണം എന്നതൊക്കെ മറന്നുപോയി കാണുമോ? ആയിരിക്കണം....
എഴുത്തുക്കാരന്റെ പേനയിലെ അവസാന മഷിത്തുള്ളിയും വറ്റിക്കൊണ്ടിരിക്കുകയാണ്.

ഇവിടെ സനേഹം, ദയ, സഹതാപം തുടങ്ങിയ മാനുഷിക ഭാവങ്ങൾക്കൊന്നും (*തിരുത്ത്, ഇന്ന് അത് മനുഷ്യരേക്കാൾ കൂടുതൽ മൃഗങ്ങൾക്കാണ്.) സ്ഥാനമില്ല.

മനസ്സ് കല്ലായി രൂപാന്തരം പ്രാപിച്ചവരുടെ ഒഴുക്കിൽ പെട്ടുപോയവൾ "ഞാൻ".

-അഞ്ജന സന്തോഷ്

# വിലാപം

ഹാ ! പുഷ്പമേ നീ-
യെന്തിനീ കത്തിജ്വലിക്കുന്ന
രവിതൻ രശ്മികളെ
നോക്കി പുഞ്ചിരിപ്പൂ.



എവിടെയും കാർമേഘം വരട്ടെ
ആശ്വാസമായൊരു മഴയുമൊപ്പം.

നിഴലറ്റു പോയൊരു ചെടി നീ
എന്തിന് നീരു തേടുന്നിതീ
ഭുവിൽ മൊത്തം.

എവിടെയും ജലമില്ല, തണ്ണീർത്തടമില്ല
ഇതിനു കാരണം മനുഷ്യൻ മാത്രം.

ദേവനന്ദ. കെ. വി

# ജ്യോതി

സത്യമാം നാമം വ്യക്തമല്ലെങ്കിലും
ജ്യോതി നീ അമർജ്യോതിയോ
എത്രയോ സ്വപ്നമുറങ്ങുന്ന
നിൻ തളിർമേനിയിൽ

കഴുകർതൻ കൊക്കാലാ-
ഞ്ഞുകൊത്തി പിളർത്തിയില്ലെ
കോമളമാം മേധസ്സ്
എന്തിനുവേണ്ടി ചെയിതിവരീ
ക്രൂരകൃത്യം
അയ്യോ ഇവർ മർത്ത്യരോ
മർത്ത്യർത്തൻകുപ്പായമിട്ട
ചെന്നായിക്കളോ
കേൾക്കുന്നു നിൻ രോധമെൻ
കാതിൽ
കാണുന്നു നീറ്റീനായുള്ള
നിൻ കൊഞ്ചലെൻ കണ്ണിൽ
പെറ്റമ്മതൻ നോവറിയാതവരിവർ
ഭ്രാന്തരോ പിശാചുക്കളോ
ഇല്ലമോളെ നിൻ ഓർമ്മകൾ
മായില്ല മറയില്ല
ഭാരത സ്ത്രീകൾ തൻ
തേങ്ങലായി കരുത്തായി
അന്തഃരംഗത്തിൽ
കത്തിജ്വലിക്കട്ടെ

എന്നുമെന്നും.

-ചന്ദ്രിക

# മാറ്റം

ഏകാന്തതയുടെ നിറവിൽ
മഴയുടെ സംഗീതത്തിൽ
ഞാൻ എന്നെ തന്നെ മറന്ന നിമിഷത്തിൽ
ഒരു നിമിഷം ഓർത്തെടുത്തു എന്റെ ബാല്യത്തെ
മണ്ണപ്പം ചുട്ടും
ഓടിയും ചാടിയും കളിച്ചും
നെല്ലിക്കയും മാങ്ങയും വീഴുന്നതും കാത്തുനിന്ന കാലം
അവധികൾ ആഘോഷമാക്കിയ കാലം



ഇപ്പോഴൊ
മാറ്റത്തിന്റെ കുത്തൊഴുക്കിൽ
എന്റെ കുഞ്ഞു സഹോദരങ്ങൾ
മൊബൈയിൽ എന്ന കളിപ്പാട്ടത്തിൽ
അലിഞ്ഞില്ലാതാകുന്നത് കാണുമ്പോൾ
തിരിച്ചുകിട്ടാത്ത ബാല്യത്തെ
നഷ്ടപ്പെടുത്തുകയാണെന്നതു
അവർ അറിയുന്നില്ലല്ലോ എന്ന വേദന
നിലക്കാതെ പെയ്യുന്ന മഴയുടെ ദീനരോദനം
പോലെ എന്റെ മനസ്സിനെ കാർന്നു തിന്നുന്ന
ആ ചോദ്യം ആരാണിതിന് ഉത്തരവാദി?
കാലമോ
സമൂഹമോ
ഞങ്ങളെ ഞങ്ങളാക്കിയ മാതാപിതാക്കളോ
അതോ നമ്മൾ തന്നെയോ
അറിയില്ല
എനിക്കറിയില്ല
ഒന്നിനും ഉത്തരം......

-ഷീന

# അമ്മ



അമ്മയെന്ന രണ്ടക്ഷരം ചേർന്നാലതു
വെറുമൊരു സുന്ദരപദം മാത്രമല്ല
കുടുംബത്തിന്റെ വിളക്കാണമ്മ
സ്നേഹത്തിന്റെ പര്യായമാണമ്മ
അമ്മയെന്നുള്ള ലഘുപഥശീലിന്റെ
അന്യർത്ഥവ്യാപ്തി അവർണിനീയം
പൊക്കിൾ കൊടിയിൽ തുടങ്ങിടും
ബന്ധങ്ങൾ അറ്റുപോകാതങ്ങു
കാക്കമമ്മ

എന്റെ മുഖം കാണും മുമ്പേ, എന്റെ
ശബ്ദം കേൾക്കും മുമ്പേ

എന്റെ ഗുണങ്ങളറിയും മുമ്പേ,
എന്നേ സ്നേഹിച്ച ഒരു ഹൃദയമാണമ്മ

- അനീഷ. എം

# വിദ്യാഭ്യാസവും വ്യക്തിത്വവികസനവും

ഒരു വ്യക്തിയുടെ ചിന്തകൾ, വികാരങ്ങൾ, മനോഭാവങ്ങൾ, താല്പര്യങ്ങൾ, പ്രതികരണങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ ആ വ്യക്തിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം പ്രധാന പങ്ക് വഹിക്കുന്നു. വ്യക്തിത്വത്തെ നിർണയിക്കുന്ന പ്രധാനഘടകം ശീലമാണ്. പാരമ്പര്യമായും വായനയിലൂടെയും അച്ഛനമ്മമാരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ശീലങ്ങൾ ലഭിക്കുന്നു. നല്ല ശീലങ്ങൾ ആപേക്ഷികമായവയും അല്ലാത്തവയും ഉണ്ട്. സത്യം പറയണം എന്നത് സ്വന്തമായ ശീലം തന്നെയാണ്. ഇങ്ങനെയുള്ള നല്ല ശീലങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് വ്യക്തിത്വവികസനത്തിന്റെ അടിത്തറ.

ഒരു വിദ്യാർത്ഥിയുടെ മനസ്സ് ലിഖിതമാവാത്ത താളാണ്. എന്ത് പതിപ്പിക്കുന്നുവോ അത് അതുപോലെ പതിയും. ബാല്യകൗമാര കാലഘട്ടങ്ങളിലാണ് ഒരു വിദ്യാർത്ഥിയുടെ വിദ്യാലയ ജീവിതം. ഈ കാലഘട്ടത്തിൽ വിദ്യാർത്ഥിയെ സ്വാധീനിക്കുന്നു. ഒരു കുട്ടിയുടെ വ്യക്തിത്വത്തെ സമഗ്രതയിലെത്തിക്കണം എന്ന് വിചാരിക്കുന്ന മാതാപിതാക്കൾ ഈ കാലഘട്ടങ്ങൾ ശ്രദ്ധയോടെ നോക്കിക്കാണേണ്ടതാണ്. ഇവിടെ കുട്ടികൾ ആരെയെങ്കിലും മാതൃകയാക്കാൻ ശ്രമിക്കുന്നതിൽ വളരെ പ്രധാനം മാതാപിതാക്കൾക്കാണ്. സമൂഹത്തിലും വ്യകതിഗത ബന്ധങ്ങളിലും വിദ്യാർത്ഥി എങ്ങനെ തന്റെ സ്ഥാനം നിലനിർത്തുന്നു എന്നതിനെ ആശ്രയിച്ചാണ്, ആ വിദ്യാർത്ഥിയുടെ വ്യക്തിത്വം രൂപപ്പെടുന്നത്. ഒരാളുടെ തനിമയാണ് അയാളുടെ വ്യക്തിത്വം എന്നു അരവിന്ദ് ഘോഷ് പറയുന്നു. കൃത്യനിഷ്ഠ, സൗന്ദര്യബോധം, ദയാനുഭൂതി, സാമൂഹികബോധം, അച്ചടക്കം, ആത്മാഭിമാനം, "ഞാൻ" എന്ന ഭാവമില്ലായ്മ ഇങ്ങനെ 7 വസ്തുതകളുടെ സമഗ്രതയാണ് തനിമ. അന്യരുടെ വ്യക്തിത്വം അംഗീകരിക്കാനും അഹങ്കാരമില്ലാതെ പ്രശംസിക്കാനും കഴിയണം. അത് വ്യക്തിത്വത്തിന്റെ ഭാഗമാണ്. നന്മയെ അംഗീകരിക്കുകയും തിന്മയെ ബോധ്യപ്പെടുത്തുകയും ചെയ്യണം.

ശ്രേഷ്ഠമായ വിദ്യാഭ്യാസം കൊണ്ട് ഇല്ലാതാവേണ്ടുന്ന ചില വികാരങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനം ഭയം, വിദ്വേഷം, അസഹിഷ്ണുത, അസത്യം പറയുക എന്നിവയാണ്. വ്യക്തിത്വത്തെ ഹനിക്കുന്നവയും സമൂഹത്തിൽ പുറന്തള്ളപ്പെടുവാൻ കാരണമാവുകയും ചെയ്യുന്ന ചില വികാരങ്ങളാണ് ഇവ. അറിവ്, ജ്ഞാനം ഇവയുടെ നേട്ടം ഒരു ചെറിയ ഘടകം മാത്രമാണ് വിദ്യാഭ്യാസത്തിൽ. ഓരോ വ്യക്തിയും വ്യക്തിത്വം കാത്തു സൂക്ഷിക്കണമെങ്കിൽ എന്ത് ചെയ്യണം. എനിക്ക് എന്തൊക്കെ ചെയ്യാൻ കഴിയും. ഒരു പ്രത്യേക സന്ദർഭത്തിൽ ഞാൻ ആരാവും എന്നിങ്ങനെയുള്ള അറിവിലൂടെയാണ്. ഒരു വ്യക്തിത്വം വിദ്യാർത്ഥിക്കു മാതൃകയാകും.

നല്ല അംശങ്ങൾ ഓരോ വിദ്യാർത്ഥിയും പെരുമാറ്റത്തിന്റെ ഭാഗമാക്കണം. അതിയായ വിഷാദഭാവവും അമിതമായ ശുഭാപ്തി വിശ്വാസവും പാടില്ല. വിദ്യാഭ്യാസകാലത്ത് NCC ,Junior Red cross, സ്കൗട്ട്സ് എന്നീ സംഘടനകൾ വ്യക്തിത്വപരിശീലനത്തിൽ നിർണായക പങ്ക് വഹിക്കുന്നു. ക്ഷമയും സഹനവും വ്യക്തിത്വത്തെ പ്രകാശിപ്പിക്കും. ക്ഷമ ഭീരുത്വമല്ല. അത് ശക്തിയാണ്. എടുത്ത് ചാട്ടം വ്യക്തിത്വത്തെ ഹനിക്കും. ഓരോ വിദ്യാർത്ഥിയും അറിയേണ്ട പൊരുളാണിത്.

- ഹരി കെ കെ

# കണ്ണിൽ വിരിയുന്ന കവിത



പപ്പാ, ഒന്നു പറഞ്ഞു
ഒരായിരം വട്ടം പറഞ്ഞു രക്ഷിക്കണം
തകരുന്നതെൻ സൽപേര്, ജാഡകൾ പോരാഞ്ഞ്
സദ്ഹൃദയങ്ങൾക്കുമുമ്പിൽ ഞാൻ ചൂളം,ചുരുളും
കഥവേണം, അല്ലെങ്കിൽ ഒരു ചെറുകവിത.
ഇനി ഒരു ദിവസം മാത്രം
കോളജ്മാഗസിനുമാറ്റർ കൊടുക്കേണ്ടതാണ് നാളെ
എന്തൊരിരുപ്പാണിത്

പപ്പാ,
'......മകൾക്കു വീണവായന !
എന്ന ചൊല്ലുചൊല്ലിത്തന്നതും
അങ്ങു മറന്നോ?
രാവിന്റെ തിരുനടയിലായിരം
നെയ്ത്തിരി പൂത്തുലഞ്ഞാടുന്നു.
മാനത്ത് കൺനട്ടിരിപ്പാണോ?
ഗദ്ഗദം കേട്ടിട്ടുഞെട്ടിത്തിരിഞ്ഞെന്റെ
കണ്ണീരുകണ്ടിട്ടുചൊല്ലി,
ജാഡകൾ പൊട്ടിപ്പൊളിയണം നിന്റെയീ-
കണ്ണീരിനപ്പുറനുണഞ്ഞാൽ
നിക്കെത്രഭാവനാനീർത്തടം കാണാം.
ചെറുചാലുകീറയാ നീരൊഴുക്ക്
കൊച്ചുകവിതകൾതൻ തേൻകനികൾ വിളയട്ടെ നിറയട്ടെ
പപ്പാ നന്ദി
കവിതയൊരു നിമിഷത്തിൻ സന്തതിയെങ്കിലും
ഒരായിരം അനുഭവങ്ങൾതൻ ചെപ്പാണ്
തിരിച്ചറിവിന് നന്ദി.

-മെറീറ്റ ഫിലിപ്പ്

# അമ്മ കോഴിയും കുഞ്ഞികോഴികളും

ഒരിക്കൽ ഒരു പാടത്ത് അമ്മ കോഴിയും നാല് കോഴി കുഞ്ഞും താമസിച്ചിരുന്നു. ആ നാല് കോഴികളിൽ ഒരെണ്ണം മാത്രം ചുവന്ന നിറമായിരുന്നു. അത് വളരെ ചുറുചുറുക്കും സമൃദ്ധനമായിരുന്നു. ആ വീട്ടിലെ ജോലികളൊക്കെ ചുവന്ന കോഴി ചെയ്യുമായിരുന്നു. രണ്ടാമത്തെ കോഴിക്കുഞ്ഞ് വളരെയധികം



സംസാരിക്കുമായിരുന്നു. അവൾ മിക്കസമയവും മറ്റു മൃഗങ്ങളോട് സംസാരിച്ചുകൊണ്ടേയിരിക്കും. അവരുടെ കൂടെ എപ്പോഴും കളിച്ച് കൊണ്ടേയിരിക്കും. മൂന്നാമത്തെ കോഴിക്കുഞ്ഞ് അവളുടെ സൗന്ദര്യം നന്നായി നോക്കിയിരുന്നു. വീട്ടിലെ പണിയെടുക്കുന്നതിന് പകരം അവൾ അവളുടെ തൂവൽ ചീവുകയും, നഖങ്ങൾ മിനുക്കാനും സമയം ചിലവഴിച്ചു. അവസാനത്തെ കോഴിക്കുഞ്ഞ് എപ്പോഴും ഉറക്കമായിരുന്നു. എല്ലാ ദിവസവും ചുവന്ന കോഴി അമ്മയുടെ കൂടെ ധാന്യങ്ങൾ ശേഖരിക്കാൻ പോയിരുന്നു. മറ്റ് കോഴക്കുഞ്ഞുങ്ങളെ സഹായത്തിന് വിളിച്ചാൽ വരികയില്ലായിരുന്നു. അവരെല്ലാം അവർക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യേണ്ട തിരക്കിലായിരുന്നു. ഒരു ദിവസം ചുവന്ന കോഴിയും അമ്മയും കൂടി പുറത്തിറങ്ങി. അവർ വിത്തുകൾ നട്ടു. വിളവെടുത്തു. നെല്ലൊക്കെ പൊടിപ്പിച്ചു. അങ്ങനെ അമ്മ കോഴിയും ചുവന്ന കോഴിയും ധാന്യങ്ങളും വിത്തുകളും പൊടിപ്പിച്ച അരിയുമായി വീട്ടിലെത്തി. ആ സമയം ബാക്കി കോഴി കുഞ്ഞുങ്ങളും എല്ലാം കഴിക്കുവാൻ തുടങ്ങി. ഇത് ഇങ്ങനെ തന്നെ കുറച്ച് ആഴ്ചകൾ പോയി. എല്ലാ ദിവസവും അമ്മയും കോഴിക്കുഞ്ഞും പുറത്ത് പോയി സാധനങ്ങൾ കൊണ്ടുവരും. മറ്റ് കോഴി കുഞ്ഞുങ്ങൾ അതൊക്കെ വന്ന് കഴിക്കും. അങ്ങനെ കോഴി കുഞ്ഞുങ്ങൾ വലുതായി. ഒരു മാറ്റവുമുണ്ടായില്ല. അമ്മ കോഴി അവരുടെ സ്വഭാവത്തിനെ ഓർത്ത് ഒരുപാട് വിഷമിച്ചു. ചുവന്ന കോഴി പറഞ്ഞു. അമ്മേ അമ്മ വിഷമിച്ചിട്ട് ഒരു കാര്യവുമില്ല. അവർ നന്നാകാൻ പോകുന്നില്ല. നമുക്ക് നന്നായി ആലോചിച്ച് ഒരു തീരുമാനം എടുക്കാം.

അതെ എനിക്ക് ഒരു ബുദ്ധി തോന്നുന്നു. ചുവന്ന കോഴി അവൾക്ക് തോന്നിയ ബുദ്ധി അമ്മയോട് പറഞ്ഞു. അങ്ങനെ മൂന്ന് ദിവസം. അവരുടെ ജോലികഴിഞ്ഞ് ഒന്നും കഴിക്കാൻ കൊണ്ടുവന്നില്ല. മറ്റ് കോഴിക്കുഞ്ഞുങ്ങൾ ആഹാരം കഴിക്കാതെ വിശന്നിരുന്നു. ആദ്യത്തെ കോഴിക്കുഞ്ഞ് ആരോടും സംസാരിക്കാതെ ഇരുന്നു. രണ്ടാമത്തെ

കോഴിക്കുഞ്ഞും ആകെ അവശനായി. അങ്ങനെ മൂന്നാമത്തെ ദിവസം മൂന്ന് കോഴിക്കുഞ്ഞുങ്ങളും വിശപ്പു കൊണ്ട് പൊറുതി മുട്ടി. അവർ അമ്മ ആഹാരവുമായി വരുന്നത് കാത്തിരുന്നു.

അമ്മ വരുന്നവരോട് കണ്ടിട്ട് മൂന്ന് പേരും അവരുടെ അടുത്തോട്ട് ചെന്നു. അമ്മ പറഞ്ഞു.

“ഞാനും നിങ്ങളുടെ മൂത്ത സഹോദരിയും പോയാൽ ഒരുപാട് ആഹാരം കൊണ്ട് വരാൻ പാടാണ്. ഞങ്ങൾ രണ്ട് പേർ മാത്രമേ പണിയെടുക്കുന്നുള്ളൂ. നിങ്ങളും കൂടി വന്നാൽ ഒരു സഹായമായേനെ"

അങ്ങനെ പറഞ്ഞ് ഒരു ചെറിയ കഷ്ണം പലഹാരം മൂന്ന് പേർക്കും കൊടുത്തു. അങ്ങനെ പിറ്റേദിവസം മുതൽ അവർ എല്ലാവരും കൂടി പാടത്ത് ജോലിയെടുക്കാനും ഭക്ഷണം ശേഖരിക്കാനും തുടങ്ങി. അങ്ങനെ അവരുടെ അലസതയൊക്കെ മാറ്റി വച്ച് ജോലിയെടുക്കാൻ തുടങ്ങി. അമ്മയ്ക്ക് സന്തോഷമായി. നിങ്ങൾ കഠിനാദ്ധ്വാനം ചെയ്തു തുടങ്ങുമ്പോൾ നല്ല കാര്യങ്ങൾ സംഭവിച്ചു തുടങ്ങും.

# സത്യസന്ധതയുടെ സമ്മാനം

ഒരിടത്ത് ഒരു രാമു എന്ന പെയ്ന്റ്ക്കാരൻ ഉണ്ടായിരുന്നു. അയാൾ വളരെ സത്യസന്ധനായിരുന്നു. അതോടൊപ്പം അദ്ദേഹം ദരിദ്രനമാണ്. വീട് തോറും പെയ്ന്റ് ചെയ്താണ് ജീവിച്ചത്. അയാളുടെ വരുമാനം തീരെ കുറവായിരുന്നു. അയാൾ വളരെ കഷ്ടപ്പെട്ടായിരുന്നു കുടുംബം കൊണ്ടു പോയത്. നല്ല വരുമാനമുള്ള ഒരു ജോലി കിട്ടിയിരുന്നുവെങ്കിൽ എന്ന് അദ്ദേഹം എപ്പോഴും ചിന്തിച്ചിരുന്നു. ചെറിയ ജോലികൾ പോലും അദ്ദേഹത്തെ ആത്മാർത്ഥതയോടെയാണ് ചെയ്തു തീർക്കുന്നത്. ഒരിക്കൽ അയാളെ ഗ്രാമത്തലവൻ വിളിപ്പിച്ചു.

ഗ്രാമതലവൻ രാമുവിനോട് പറഞ്ഞു , ഞാൻ അത്യാവശ്യമായി ഒരു കാര്യം പറയാനാണ് വിളിപ്പിച്ചത്. എന്തേ ആ ജോലി താൻ ചെയ്യുകയില്ലേ?

രാമു പറഞ്ഞു, പറഞ്ഞാട്ടെ അങ്ങ് എന്ത് ജോലി ചെയ്യാനാണ് പറഞ്ഞത്. ഗ്രാമതലവൻ പറഞ്ഞു. എന്റെ വള്ളത്തിന് താൻ പെയിന്റടിക്കണം. അത് ഇന്ന് തന്നെ തീർക്കുകയും ചെയ്യണം. രാമു പറഞ്ഞു, ശരി, ഞാൻ ഇന്നു തന്നെ തീർത്ത് തരാം.

ഗ്രാമതലവൻ ചോദിച്ചു. അതൊക്കെ ശരി എത്രയാണ് തന്റെ പണിക്കൂലി. രാമു പറഞ്ഞു, 1500 രൂപ മതി. അങ്ങനെ ഗ്രാമതലവൻ തന്റെ വള്ളം കാണിക്കാനായി നദീതീരത്തേക്കു കൊണ്ടുപോയി. രാമു ഗ്രാമതലവനോട് കുറച്ച് സമയം ആവശ്യപ്പെട്ടു. എന്നിട്ട് പെയിന്റിങ്ങിനു വേണ്ട നിറങ്ങൾ വാങ്ങാനായി പോയി. എന്നിട്ട് അത് വള്ളത്തിന്റെ മേലേ ഉരയ്ക്കാൻ തുടങ്ങി. അത് ഉരച്ചു തുടങ്ങിയപ്പോൾ രാമു ഒരു കാര്യം ശ്രദ്ധിച്ചു. അയ്യോ വള്ളത്തിന് ഒരു ദ്വാരമുണ്ടല്ലോ. ഇതിന് വെറുതെ പെയിന്റ് അടിച്ചാൽ ഇത് മുങ്ങിപ്പോകും. ആദ്യം ഈ ദ്വാരം അടച്ചേക്കാം.

അങ്ങനെ രാമു ആ ദ്വാരം അടച്ചു. എന്നിട്ട് പെയിന്റ് അടിക്കാൻ തുടങ്ങി. ഇതിന് ശേഷം രാമു ഗ്രാമതലവനോട് പറഞ്ഞു. വള്ളം പെയിന്റടിച്ച് കഴിഞ്ഞു. വന്ന് കണ്ടോളൂ. ഗ്രാമതലവൻ പറഞ്ഞു, ആ ശരി, വരൂ . രണ്ടു പേരും കൂടി നദീതീരത്ത് എത്തുന്നു. വള്ളം കണ്ടിട്ട് ഗ്രാമതലവൻ പറഞ്ഞു. കൊള്ളാമല്ലോ രാമു, നിന്റെ ജോലി വളരെ നന്നായിട്ടുണ്ട്. ഒരു കാര്യം ചെയ്യ്, നാളെ രാവിലെ എന്റെ വീട്ടിൽ വന്ന് നിന്റെ കൂലി വാങ്ങിച്ചോളൂ. അങ്ങനെ രണ്ട് പേരും അവരവരുടെ വീട്ടിൽ പോയി. വള്ളത്തെ പരിപാലിച്ചിരുന്നത് ഗ്രാമതലവന്റെ വേലക്കാരനായിരുന്നു. ഗ്രാമത്തലവന്റെ കുടുംബം വള്ളത്തിലായിരുന്നു യാത്രചെയ്തിരുന്നത്. വൈകിട്ട് ആരെയും കാണാന് ഗ്രാമതലവന്റെ കുടുംബത്തെ പറ്റി അദ്ദേഹം ചോദിച്ചു. അപ്പോൾ ഗ്രാമതലവൻ പറഞ്ഞു. എന്റെ കുടുംബം നേരത്തേ എത്തി എന്ന് പറഞ്ഞു. ഗ്രാമതലവന്റെ വാക്കുകൾ കേട്ട വേലക്കാരൻ ആകെ ഞെട്ടി പോയി.

അവന്റെ മുഖഭാവം കണ്ട് തലവൻ ചോദിച്ചു എന്തു പറ്റി ഇത് കേട്ടപ്പോൾ നീയെന്താണ് ആലോചിക്കുന്നത്? വേലക്കാരൻ പറഞ്ഞു, ഗ്രാമതലവാ ആ വള്ളത്തിൽ ഒരു തുളയുണ്ടായിരുന്നല്ലോ. വേലക്കാരന്റെ വാക്കുകൾ കേട്ടപ്പോൾ ഗ്രാമതലവന് ആദിയായി. പിറ്റേ ദിവസം രാമുവിനെ വിളിപ്പിച്ചിട്ട് അദ്ദേഹം പറഞ്ഞു. ഇതാ രാമു താൻ പണിയെടുത്ത കാശ്. താൻ തന്റെ പണി വളരെ നന്നായിട്ട് ചെയ്തു.

പണം വാങ്ങി എണ്ണിനോക്കിയ രാമു ആശ്ചര്യപ്പെട്ടു. കാരണം പണം കൂടുതലുണ്ടായിരുന്നു. അയാൾ ഗ്രാമതലവനോട് പറഞ്ഞു, അങ്ങ് എനിക്ക് അബദ്ധത്തിൽ കൂടുതൽ കാശ് തന്നിട്ടുണ്ട്. ഗ്രാമതലവൻ പറഞ്ഞു, അത് അബദ്ധത്തിൽ തന്നതല്ല. തനിക്ക് അർഹതയുള്ളതാണ്.

രാമു പറഞ്ഞു, നമ്മൾ തമ്മിൽ വെറും 1500/- കണക്കാണ് ഉറപ്പിച്ചത്. എന്നാൽ 6000/- ഉണ്ട്. അപ്പോൾ പിന്നെ എങ്ങനെ എന്റെ കഠിനാദ്ധ്വാനത്തിന്റെ ഭാഗമാവും. ഗ്രാമതലവൻ പറഞ്ഞു, ഭാഗം തന്നെയാണ് കാരണം നീ വലിയൊരു കാര്യം തന്നെയാണ് ചെയ്തത്. രാമു പറഞ്ഞു, അതെന്ത് കാര്യം. ഗ്രാമതലവൻ പറഞ്ഞു, നീ വള്ളത്തിന്റെ തുള അടച്ചു. അതേ പറ്റി എനിക്ക് ഒന്നു അറിയുക പോലുമില്ലായിരുന്നു. നിനക്ക് അതിനെ വെറുതെ വിട്ട് കളയാമായിരുന്നു, അല്ലെങ്കിൽ നിനക്ക് അതിന് വേണ്ടി കൂടുതൽ പണം ചോദിക്കാമായിരുന്നു. പക്ഷേ നീ അങ്ങനെയൊന്നും ചെയ്തില്ല. അത് കൊണ്ട് എന്റെ കുടുംബം രക്ഷപ്പെട്ടു. അതിനാൽ ഈ പണം നിന്റെ അധ്വാനത്തിന്റെയും സത്യസന്ധതയുടേതുമാണ്.

# അമ്മ




സ്നേഹത്തിൻ മറു രൂപമാണെന്നമ്മ
ജീവന്റെ ജീവനാണെന്റെയമ്മ
തെറ്റുകൾ ചെയ്യുമ്പോൾ നേർവഴികാട്ടി
ധീരതയോടെ നയിക്കും നമ്മെ.

കരിമഷി പുരളാത്ത മംഗളദീപമാണെന്നമ്മ
പാമ്പുകൾ തീണ്ടാത്ത മാണിക്യമാണെന്നമ്മ
നിഴലുകളില്ലാത്ത നിലാവാണമ്മ
നന്മതൻ നിറകുടമാണെന്നമ്മ

ചന്ദ്രൻ പൊഴിക്കുന്ന പാലാഴിയാണമ്മ
ഗൃഹത്തിൽ ഐശ്വര്യം ചാർത്തും
നിലവിളക്കാണെന്നമ്മ
എൻ പ്രിയ സുഹൃത്താണെന്നമ്മ

രണ്ടക്ഷരത്തിലൊതുങ്ങുന്നതല്ല
അമ്മതൻ സ്നേഹം
സ്നേഹിക്കും ഞാനമ്മയെ സ്നേഹിക്കും
മരിക്കുവോളം സ്നേഹിക്കും.

# തണലായ തായയാം പ്രകൃതി



അമ്മയാം പ്രകൃതിയോടു ഞങ്ങൾ,
ഒരു നൂറു മാപ്പിരയ്ക്കുന്നു.
മക്കളാം ഞങ്ങൾ ചെയ്ത തെറ്റുകൾക്ക്,
ഒരു പതിനായിരം തവണ ക്ഷമിച്ച
സ്നേഹനിധിയാം അമ്മ ദാനമായ്
നൽകിയ
ഒരു ചെറു സമ്പത്താം എന്തിനെയും
ഞങ്ങൾ പാഴാക്കുന്നു.

വായുവിനേയു, ജലത്തിനേയും, മണ്ണിനേയും
മലിനമാക്കുന്ന ഞങ്ങൾക്ക്,
അമ്മയാം പ്രകൃതി നൽകുമൊരു
ശകാരമാണീ മഴക്കെടുതി.
ഒരു ചെറു പൂവിനെപ്പോലും വേദനിപ്പിച്ചാൽ,
നോവുന്ന തായയാണ് പ്രകൃതി.

ആകാശത്തോളം നമ്മെ സ്നേഹിക്കുന്ന
അമ്മയ്ക്ക് തുല്യമാം പ്രകൃതിയെന്നും
ഞങ്ങൾക്ക് താങ്ങായ് തണലായ് പ്രകൃതി നിൻ
നൂറുകോടി മക്കൾക്കുവേണ്ടി ഞൻ ചോദിക്കുന്നു
മാപ്പ്.......മാപ്പ്........മാപ്പ്..........

മയൂഖ വികാസ്

IX A

# ആ മരം



എന്റെ വിദ്യാലയ മുറ്റത്ത്
ഒരു കുട പോൽ നിവർന്ന നീ
ഞങ്ങൾക്ക് താങ്ങും തണലുമായി
നീ തരും തേന്മുറും മാമ്പഴം
എത്ര തലമുറ ആസ്വദിച്ചു
നിന്റെ ശിരസ്സിൽ നീ പോറ്റി  വളർത്തിയ
കാക്കയും പ്രാവും കൃഷ്ണപ്പരുന്തും
അണ്ണാറക്കണ്ണനും വാലാട്ടിപ്പക്ഷിക്കും
നീ അമ്മയായ് ഇന്നും നിലകൊള്ളുന്ന
ഒരു നാൾ ഒരു കോടാലി
നിൻ മാറിൽ പതിച്ചപ്പോൾ
കേൾക്കുന്നു ഞാൻ നിൻ രോദനവും
പറവകൾ തൻ ചിറകടിയൊച്ചയും
ഇല്ല തടുക്കുവാൻ കഴിയില്ല
ഈ പിഞ്ചുകരങ്ങൾക്ക്
മണ്ണിലെ മനുജന്റെ വിക്രിയകൾ
ഒടുവിൽ നീയൊരു ചാരമായി തീരവേ
നീറുന്നു ഞാൻ നിന്റെ ശൂന്യതയിൽ.

അളകനന്ദ. സി

# സ്ത്രീസമത്വത്തിലേക്കൊരു പുതുവെളിച്ചം



പലപ്പോഴായി നമ്മൾ കേൾക്കുന്ന ഒരു ആശയമാണിത്. പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും തുല്യ അവകാശവും സ്വാതന്ത്ര്യവും നൽകപ്പെടണം എന്ന ആശയത്തെ സമൂഹം അംഗീകരിച്ചിട്ട് കാലം ഏറെയായി. ഇന്ന് എല്ലാ മേഖലയിലും തന്നെ സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ലഭിക്കുന്നുണ്ട്. മത്സരപ്പരീക്ഷകളിലും ജോലിസ്ഥലങ്ങളിലും സ്ത്രീകൾക്ക് ഇന്ന് റിസർവേഷൻ ലഭ്യമാണ്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം ഭൗതികം മാത്രമാണ്. ഈ ഒരു വ്യത്യാസത്തെ ചൂഷണം ചെയ്താണ് പുരാണകാലങ്ങളിൽ സ്ത്രീകളെ അടിച്ചമർത്തിയിരുന്നത്. ഇന്ന് അത്യാവശ്യം സാക്ഷരതയുള്ള നാടുകളിൽ അത്തരം അടിച്ചമർത്തലുകൾ ഇല്ല എന്നു തന്നെ പറയാം. എന്നാൽ ചിലയിടങ്ങളിൽ ഇപ്പോഴും ഇത്തരം അടിച്ചമർത്തലുകൾ ഉണ്ട്. വിദ്യാഭ്യാസവും സമത്വവും തമ്മിൽ വലിയ ബന്ധമുണ്ട്. ഇതൊക്കെയാണ് നമ്മുടെ ചിന്താഗതികൾ.

എന്നാൽ, ബിരുദവും ബിരുദാനന്തരബിരുദവും എടുത്തിട്ട് വീട്ടിൽ തന്നെ കഴിയുന്ന എത്ര സ്ത്രീകളുണ്ട്, മികച്ച സാക്ഷരത നേടിയിട്ടും സ്വന്തം കഴിവിനെ ഉപയോഗിക്കാത്ത എത്ര സ്ത്രീകളുണ്ട്? നമ്മുടെ ചുറ്റുപാടും ഒന്നു നോക്കുക. വീടിനും കുടുംബത്തിനും വേണ്ടി പഠിച്ചതൊഴിൽ വേണ്ട എന്നു വയ്ക്കുന്ന ഒരുപാട് സ്ത്രീകളുണ്ട്. സ്ത്രീസമത്വം ഉണ്ടെന്നവകാശപ്പെടുന്ന സമൂഹത്തിന് എവിടെയാണ് തെറ്റുപറ്റിയത്?

പുരുഷമേധാവിത്വം ആണ് നമ്മുടെ സംസ്കാരം എന്ന് ചിന്തിക്കുന്നവരാണ് സാക്ഷരരായ പല സ്ത്രീകളും. പുറമേ ഞാൻ ശാക്തീകരിക്കപ്പെട്ടവളാണ് എന്ന് കാട്ടുകയും അകമേ ആൺമേൽക്കോയ്മ അംഗീകരിക്കുകയും ചെയ്യുന്ന ചിന്ത മാറേണ്ടിയിരിക്കുന്നു.

- ദൃശ്യ കെ ജെ

# പ്രകൃതി



പ്രകൃതി നമുക്ക് അമ്മയാണ്. പ്രകൃതിയുടെ മൗലികതയെ നാം നശിപ്പിക്കരുത്. നമുക്ക് ജീവിക്കുന്നതിനും ആസ്വദിക്കുന്നതിനും പരിസ്ഥിതി പ്രധാനം ചെയ്യുന്നു. അതിനാൽ പ്രകൃതിയുടെ രക്ഷയും സംരക്ഷണവും നമ്മുടെ ഉത്തരവാദിത്വമാണ്. ഈ കാലഘട്ടത്തിൽ മനുഷ്യർ വളരെ സ്വാർത്ഥരാണ്. അതിനാൽ മനുഷ്യർ പ്രകൃതിക്കുനേരെ ചെയ്യുന്ന ചൂഷണം വളരെ കഠിനമാണ്. ആരോഗ്യകരമായ ജീവിതത്തിനായി നമുക്ക് പ്രകൃതി അതിപ്രധാനമാണ്. നാം ജീവിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും പ്രകൃതിയുടെ അംശമാണ്. അതിനാൽ പ്രകൃതിയിൽ നിന്നും കിട്ടുന്ന എല്ലാം നമ്മൾ സൂക്ഷ്മതയോടെ ഉപയോഗിക്കണം. അത് നശിപ്പിക്കുവാൻ പാടില്ല. പ്രകൃതി അമ്മയാണ്. പ്രകൃതിയെ വീണ്ടെടുക്കാൻ നാം ശ്രമിക്കണം.

ഐശ്വര്യ ഹേമന്ത്

# പെണ്ണ്



മിന്നുന്ന ആഭരണങ്ങൾക്കും
തിളങ്ങുന്ന ഉടയാടകൾക്കും
പറയാൻ ഒന്നുമുണ്ടായിരുന്നില്ലേ
നാലുചുമരുകൾക്കുള്ളിലെ കഥയല്ലാതെ.


- വിജിന

# വർഷം അന്നും ഇന്നും

കാത്തു, കാത്തുനിന്നു ഞാൻ നിന്നെയും-
കാത്തു ഞാൻ വർഷമേ
വേഴാമ്പൽ കണക്കെ എന്നു ചൊല്ലാം
നിൻ ചിലങ്കതൻ ശബ്ദത്തിനായി ഞാൻ
ഇരിപ്പൂ ഞാൻ ജനാലക്കരികിൽ
നിന്നാഗമനം മനോഹരമെങ്കിലും
സംശയിപ്പൂഞാൻ, നിന്റെ ലക്ഷ്യം
മർത്ത്യർതൻ ക്രൂരകൃത്യങ്ങളിൽ
നൊന്തുനീ, നിഗ്രഹമൂർത്തിയായി,
സംഹാരതാണ്ഡവം, ആകുവാൻവരികയാണോ
പക്ഷെ എന്നെ തനിച്ചാക്കിപോകുന്ന നേരത്ത്
എന്തൊരു ദുഃഖമാണെൻ മനസ്സിൽ.

ഗോപിക എം പി

# എന്തിനു നീ പതുങ്ങുന്നു



‘നാരി’യെന്നൊരാപദത്തെ
ഞാൻ കാണാൻ പഠിച്ചു
വിനയപ്പൂർവ്വം എൻ
ഉമ്മറത്തെ വിളക്കിലൊരഞ്ചുതിരിയിലും
ഇതിൻ മുമ്പേ ഇല്ലത്തു
ഞാൻ കാൺകയായി നിന്നെ
ഇരുട്ടു മുറിയിലെ മൂലയിലും.

തമ്പുരാനെഴുന്നള്ളു മാസമയത്തും
ഞാൻ കാണുന്നു നിന്നെ
പുൽ മറവുകളിൽ
നീ ശിശുവായിരുന്നൊരാസമയത്തും
ഞാനെൻ കൺകളാൽ കണ്ടുവല്ലോ
നിന്റെ മാംഗല്ല്യവും.

പിന്നീടറിഞ്ഞു ഞാൻ നിൻ
ചിറകു മുളപൊട്ടിയെന്നതും
ഞാൻ കണ്ടു നിന്നെ
കേരളമതിലായ ഹിമവാന്റെ മുകളിൽ
അമ്പിളിക്കുമ്പിളിലെന്തുണ്ടെന്നറിയാൻ
നീ ചെന്നതും.

മാനത്തു വിരിയും മുല്ല മൊട്ടുകൾക്കൊപ്പം
നീ പാറിപാറിവന്നതും.
ഗൃഹത്തിന്റെ താക്കോൽ നിൻ
പക്കലെത്തിയതും
എന്തിനോ ഇന്നെൻ നെഞ്ചു
കിടന്നു പിടയുന്നു

കാരണം ഞാനിന്നു കാണുന്നു നിന്നെ.
തെരുവഴിയിൽ ജീവനു
വേണ്ടിപിടയും മത്സ്യമായി
ഓരോ പുഴയിലും കാണുന്നു
നിൻ ജഡം നഗ്നമായി

അലിഞ്ഞുതീരുന്നു.

എൻ പത്രത്തിൻ ചരമകോളത്തിലെങ്ങും
കണ്ണീരൊലിപ്പിച്ചു നിൽക്കും
നിൻ പടം മാത്രമല്ലെ
എന്തുപറ്റി എൻ സോദരി
നിനക്കിതെന്തു പറ്റി.

പതുങ്ങേണ്ടതില്ല നീ ഒളിക്കേണ്ടതില്ല.
ഉയർത്തെഴുന്നേൽക്കു നീ
കാളിചരിത്രമെടുക്കുക വീണ്ടും
വീശിയടിക്കുക നീ
കൊടുങ്കാറ്റുപോലെ
കത്തിജ്വലിക്കുക നീ

കിഴക്കു ചക്രവാളത്തിലു-
ദിക്കും ആദിത്യനെപ്പോലെ
കാണട്ടെ നിൻ ശൗര്യം
ഏവരും കാണട്ടെ

അൻവിദ ഡി

# അതിജീവനം

ലോകസൃഷ്ടാവായ ദൈവം കനിഞ്ഞുനൽകിയ പേമാരി
ആനന്ദപുളകിതരായ മനുഷ്യജന്മങ്ങൾ
കണ്ണീർ കടലിലാഴ്ന്നുപോയ നിമിഷങ്ങൾ
ഓർക്കുക നാം.
ഓർത്താൽ കരളലിയും നിമിഷം
ഇക്കൊല്ലവുമെത്തി
ശുഭപ്രതീക്ഷകളോടെ നിദ്രയുടെ
ലോകത്തെത്തിയ
മനുഷ്യർപോലും ഉണരാത്ത ആ നിമിഷം
എത്ര സുന്ദരമീ ജീവിതം തന്ന
ഒറ്റ നിമിഷം കൊണ്ട്
തിരിച്ചെടുത്തതെന്തിനാണ്?
നമ്മെ കാത്തിരിക്കുന്നവർക്ക് സമ്മാനിച്ചത്
കണ്ണീരുപ്പും , ജീവനറ്റ ദേഹവും.
മണ്ണിലാഴ്ന്നിറങ്ങിയ മനുഷ്യദേഹം തേടുന്ന
മനുഷ്യരെ പ്രണമിക്കേണ്ട സമയമിതായെത്തി.
എങ്കിലും ഭഗവാനെ ഞാൻ നിന്നെ പ്രണമിക്കുന്നു.
വേർതിരിവിന്റെ ലോകത്തിൽ
ജീവിക്കും മനുഷ്യരെ ചേർത്തുനിർത്തി- നീ
അതിജീവനത്തിന്റെ നാളുകൾ കഴിഞ്ഞു
ഒറ്റക്കെട്ടായി നിൽക്കുക നാം
ഒറ്റക്കെട്ടായി അതിജീവിക്കുക നാം



അർത്ഥന എം

# മീനുകൾക്ക് പറ്റിയ പറ്റ്



പൊന്നാരം കുളത്തിൽ കുറേ മീനുകളുണ്ടായിരുന്നു.അവരുടെ കൂടെ സൂത്രക്കാരനായ ഒരു ആമയും താമസിച്ചിരുന്നു. കിച്ചൻ എന്നായിരുന്നു അവന്റെ പേര്.

വേനൽക്കാലമായതോടെ നാട്ടുക്കാരിൽ ചിലർ കുളത്തിൽ കുളിക്കാൻ തുടങ്ങി. ഇത് കിച്ചനാമയ്ക്ക് തീരെ പിടിച്ചില്ല. അവൻ മീനുകളോട് പറഞ്ഞു. “ഇത് നമ്മുടെ കുളമാണ്. ഇതിൽ എന്താണ് അന്യർക്കു കാര്യം? നാട്ടുകാർ ഇതിൽ കുളിക്കേണ്ട കാര്യമില്ല. അവർ വരാതിരിക്കാൻ നമുക്ക് കുളം കലക്കിയിടാം. കലങ്ങിയത് കണ്ടാൽ അവരിതിൽ കുളിക്കില്ല. സ്ഥലം വിട്ടോളും !” കിച്ചൻ പറയുന്നതു കേട്ട് മീനുകൾ സമ്മതിച്ചു. അവ കുളത്തിനടിയിലെ ചെളിയിൽ വാലും ചിറകുമിളക്കി കുളം കലക്കിയിട്ടു. കലങ്ങിയ കുളം കണ്ട് നാട്ടുകാർ വിഷമിച്ചു നിന്നു. “ഇനി എവിടെ പോയി കുളിക്കും?” അവർ ചിന്തിച്ചു. അതിലൊരാൾ പറഞ്ഞു. “നമുക്ക് ഈ കുളം വറ്റിച്ച് ചെളി നീക്കാം. നാളെ മുതൽ നല്ല വെള്ളത്തിൽ കുളിക്കാം.” അവർ കുളം വറ്റിക്കാനുള്ള ഒരുക്കം തുടങ്ങി.

ഇതെല്ലാം കേട്ട് മീനുകൾ വിഷമത്തിലായി. “അയ്യോ! കുളം വറ്റിച്ചാൽ നമ്മുടെ കാര്യം കുഴപ്പത്തിലായി". കിച്ചൻ ഇഴഞ്ഞ് കരയിൽ കയറി വേഗം സ്ഥലം വിടാമെന്ന് കരുതി. “വെള്ളത്തിൽ മാത്രം ജീവിക്കുന്ന നിങ്ങൾ ഇവിടെ തന്നെ കിടന്നോ "

അവൻ പരിഹാസത്തോടെ പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ വെള്ളം തെളിഞ്ഞു. മീനുകൾക്ക് ആശ്വാസമായി. വറ്റിക്കാൻ വന്നവർ പറഞ്ഞു. “കുളം തെളിഞ്ഞല്ലോ ഇനി വറ്റിക്കേണ്ട കാര്യമില്ല.” ഭാഗ്യം കൊണ്ടാണ് മീനുകൾ രക്ഷപ്പെട്ടത്. കിച്ചൻ പറഞ്ഞത് അനുസരിച്ചതുകൊണ്ടാണ് തങ്ങൾക്ക് ആപത്ത് വന്നു പെട്ടതെന്ന് മീനുകൾ ചിന്തിച്ചു. ആപത്ത് വന്നപ്പോൾ അവൻ രക്ഷപ്പെടുകയും ചെയ്തു. ഒരു മീൻ പറഞ്ഞു. “ബുദ്ധിമാന്മാരുടെ വാക്കുകൾ കേട്ട് എടുത്തു ചാടരുതെന്നും രണ്ടാമത് ചിന്തിച്ച് മാത്രമേ എന്തിനും ഇറങ്ങി പുറപ്പെടാൻ പാടുള്ളൂവെന്നും.” മീനുകൾക്ക് മനസിലായി.

-നിരഞ്ജന

# പുഷ്പസൗന്ദര്യം



പുഷ്പമേ നിൻ സൗന്ദര്യം
ആസ്വദിക്കാൻ
ഞാനും വരുന്നു നിൻ കൂടെ
നീല വാർമുകിൽ കിരണങ്ങളാൽ
നിന്നെ-
മൂടും ഒരായിരം സ്നേഹമായ്.
പുഷ്പമേ പുഷ്പമേ നിന്നില എന്നെ-
തഴുകുമ്പോൾ,
ആനന്ദാശ്രു എൻ മനസ്സിൽ ളുകുന്നു.
ഒരു നാൾ സൂര്യനെപോലെ ജ്വലിക്കുന്ന
നിൻ മുഖം, ഓർക്കുന്നു ഞാനീ നിമിഷവും
കാർമുകിൽ വർണ്ണന്റെ ചുണ്ടിൽ നിറത്താൽ
നിൻ ശോഭ എന്നിൽ പൊഴിയുന്നു,
കാലമെത്ര മറഞ്ഞു പോയാലും
നിൻ സൗന്ദര്യം മായില്ല.
കണ്ണിലെ കൃഷ്ണമണിപോൽ നിന്നെ കാക്കും,
നിൻ വേരും തണ്ടുകളും
ഒരുനാൾ ചേതനയറ്റ നിൻ ശരീരം കാണുവാൻ
വയ്യെനിക്ക് വയ്യ......

ദേവനന്ദ കെ

# ആ യാത്രയിൽ



പുലർച്ചെ ആറുമണിക്ക് ഞങ്ങൾ യാത്ര പുറപ്പെട്ടു. വയനാട്ടിലേക്കായിരുന്നു യാത്ര. അതിരാവിലെ ആയിരുന്നതിനാൽ ഭക്ഷണം കഴിക്കാൻ സാധിച്ചില്ല. ഞങ്ങൾ ഒരു ഇടത്തരം റോഡിലൂടെ യാത്ര ആരംഭിച്ചു. വാഹനം കുറച്ചു വേഗത്തിൽ പോയതിനാൽ റോഡിന്റെ ഇരുവശത്തുമുള്ള വൃക്ഷങ്ങളുടെയും ചെടികളുടെയും സൗന്ദര്യം കുറച്ചു മാത്രമേ ആസ്വദിക്കാൻ സാധിച്ചിരുന്നുള്ളൂ. എന്നാൽ വാഹനത്തിന്റെ ജനൽപ്പഴുതുകൾ എനിക്ക് പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ ഒരു വലിയ സൗന്ദര്യമായി തീർന്നു. പ്രഭാതസൂര്യൻ ചെടികളുടെ തളിരിലയെ തലോടുന്നു. രാത്രിയുടെ അന്ധകാരത്തിൽ നിന്ന് വഴുതിമാറി പ്രഭാതത്തിന്റെ വെളിച്ചത്തിൽ സ്വതന്ത്രമായി പാറി ഉല്ലസിക്കുന്ന പക്ഷികൾ. പ്രകൃതിയുടെ സൗന്ദര്യമായ ഈ കാഴ്ചകൾ മനസ്സിലൊരു ആശ്വാസപ്പൂവിനെ സൃഷ്ടിച്ചു. ഞങ്ങൾ ആദ്യം കൊട്ടിയൂർ ക്ഷേത്രത്തിലേക്കാണ് പോയത്. സാക്ഷാൽ പരമശിവന്റെ പ്രതിഷ്ഠയുള്ള പുണ്യസ്ഥാനമാണ് കൊട്ടിയൂർക്ഷേത്രം. ഞങ്ങൾ ഇക്കരെ കൊട്ടിയൂർ ആണ് പോയത്. ദേവന്മാരുടെ ദേവനായ മഹാദേവനെ വണങ്ങിക്കൊണ്ട് ഞങ്ങൾ യാത്ര തുടർന്നു. പാൽച്ചുരം വഴിയാണ് ഞങ്ങൾ വയനാട്ടിലേക്കു പോയിരുന്നത്. എന്റെ കണ്ണിനെ അതിശയിപ്പിക്കുന്ന തരത്തിലായിരുന്നു പാൽച്ചുരത്തെ കാഴ്ച. പാൽപോലെ ഒഴുകുന്ന കോടമഞ്ഞ് മലനിരകളെ മൂടിയിരുന്നു. വളരെ മനോഹരമായ ഒരു കാഴ്ചയായിരുന്നു അത്. പുലർച്ചെ വീട്ടിൽ നിന്നു തയാറാക്കിയിരുന്ന ഭക്ഷണം കഴിക്കാൻ നേരമില്ലായിരുന്നു. അതുകൊണ്ട് പ്രകൃതി സൗന്ദര്യം നുകർന്നുകൊണ്ട് പാൽച്ചുരത്തിന്റെ ഒരു ഭാഗത്തു നിന്നാണ് നമ്മൾ ഭക്ഷണം കഴിച്ചത്. അവിടെ കുറച്ചു സമയം ചിലവഴിച്ചതിനുശേഷം ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. വയനാട്ടിലെത്തി ചേർന്നു. ആദ്യം ഞങ്ങൾ കുറുവാ ദ്വീപാണ് സന്ദർശിച്ചത്. തേയില തോട്ടങ്ങൾ കടന്ന് ഞങ്ങൾ കുറുവാ ദ്വീപിലെത്തി. മന്ദമായി ഒഴുകുന്ന കബനി നദിയുടെ കുറുകെ ചങ്ങാടത്തിൽ കയറി ഞങ്ങൾ കുറുവാ ദ്വീപിനുള്ളിൽ പ്രവേശിച്ചു. അതു വളരെ രസകരമായിരുന്നു. വളരെ അധികം വിസ്തൃതി ഉള്ള ദ്വീപ് ഞങ്ങൾ നടന്നാണ് കണ്ടത്. ദ്വീപിന്റെ അവസാന ഭാഗത്ത് ഒരു ചെറിയ വെള്ളച്ചാട്ടമാണ് ഉള്ളത്. ആ കാഴ്ച ആസ്വദിച്ച് നമ്മൾ കുറുവാ ദ്വീപിൽ നിന്ന് മടങ്ങി. അതിനു ശേഷം ബാണാസുര സാഗറിലേക്കാണ് ഞങ്ങൾ പോയത്. അവിടേക്കു പോകുന്ന വേളയിൽ ഞാൻ ചെറുതായൊന്ന് മയങ്ങിയിരുന്നു. ഉറക്കം ഞെട്ടി എഴുന്നേൽക്കുന്ന വേളയിൽ കണ്ടത് വിശാലമായി പരന്നു കിടക്കുന്ന ബാണാസുരാ ഡാമാണ്. ബാണാസുരയിൽ എത്തിയതിനുശേഷം ഒരു ചെറിയ ട്രാവലറിൽ കയറിയാണ് അതിന്റെ

മുകൾവശത്ത് എത്തിയിരുന്നത്. അവിടെ കണ്ടത് അത്യന്തം മനോഹരമായ കാഴ്ചയാണ്. അംബചുംബികളായ മലനിരകൾ തലയെടുപ്പോടെ നിവർന്നു നിൽക്കുന്നു. അതിന്റെ താഴ്വാരത്തിൽ സൂര്യകിരണങ്ങളെ പ്രതിഫലിപ്പിച്ചു കൊണ്ട് പരന്നൊഴുകുന്ന ബാണാസുരാസാഗരം. ആ കാഴ്ച തികച്ചും എന്റെ ഹൃദയത്തെ കവർന്നെടുത്തിരുന്നു. ചുറ്റും പച്ചപ്പ്. ആ അനുഭവം അന്നും ഇന്നും എന്നും എന്റെ മനസ്സിൽ നിലനിൽക്കും എന്നത് തീർച്ചയാണ്. പ്രപഞ്ച സൃഷ്ടാവിന്റെ, വാക്കുകളാൽ വർണ്ണിക്കാൻ സാധിക്കാത്ത ഈ കാഴ്ചയെ ഞാനെന്റെ ചെറിയ ക്യാമറക്കുള്ളിൽ പകർത്തിയെടുത്തു. എന്റെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചത് മാനം മുട്ടുന്ന ഒരു മലയാണ്. അതിന്റെ ഭംഗിയെ എനിക്കെങ്ങനെ വർണ്ണിക്കണമെന്ന് അറിയില്ല. അത്രയ്ക്കും ഗാംഭീര്യമുള്ളതായിരുന്നു. ബാണാസുരയുടെ ഭംഗി നുകർന്നതിനുശേഷം  ഞങ്ങൾ മീൻമുട്ടി വെള്ളച്ചാട്ടം സന്ദർശിക്കാൻ പോയി. മീൻമുട്ടിയുടെ തുടക്കം കാണണമെങ്കിൽ കുറച്ച് പാറക്കെട്ടുകൾ കടക്കണമായിരുന്നു. കയർ പിടിച്ചു വേണം മുകളിലേക്ക് കയറാൻ. അതെന്നെ സംബന്ധിച്ചിടത്തോളം ഒരു സാഹസിക പ്രവർത്തനമായിരുന്നു. അങ്ങനെ മീൻമുട്ടിയെ സന്ദർശിച്ച് അതിന്റെ തണുപ്പുള്ള ശുദ്ധ വെള്ളത്തെ സ്പർശിച്ചതിനുശേഷം ഞങ്ങൾ അവിടെ നിന്ന് മടങ്ങി. സമയം ഇരുട്ടായതിനാൽ വയനാട്ടിൽ നിന്ന് അധികമൊന്നും സന്ദർശിക്കാൻ സാധിച്ചില്ല. അതുകൊണ്ട് ഞങ്ങൾ നേരെ ഊട്ടിയിലേക്ക് തിരിച്ചു.

റിയ എസ് രൂപേഷ്

# കൊന്നപ്പൂക്കൾ....



വേനലിന്റെ കൊടും ചൂട് കഴിഞ്ഞ് ഭൂമിയെ തണുപ്പിക്കാനായി മഴ പെയ്യുകയാണ്. ജൂൺ 5 പരിസ്ഥിതിദിനം. അന്നുതന്നെയാണ് സ്കൂൾ തുറക്കുന്നതും. അതിരാവിലെ തന്നെ സ്കൂളിലേക്ക് പോകുവാൻ ഒരുങ്ങുകയാ് മീനു. അന്ന് അവൾ വളരെ സന്തോഷത്തിലായിരുന്നു. ഈ കൊല്ലം അവൾ മൂന്നാം തരത്തിലാണ്. പുതിയ ക്ലാസ്സും, പുസ്തകവുമൊക്കെ എടുത്ത് സ്കൂളിലേക്ക് ഉത്സാഹത്തോടെ പോവുകയാണ് മീനു. അവൾക്ക് എപ്പോഴും തണലായി അവളുടെ അമ്മ ഉണ്ടാവാറുണ്ട്. മീനു ഒറ്റമോളാണ്. അതുകൊണ്ട് തന്നെ കൂടുതൽ ലാളനയും കിട്ടിയിട്ടുണ്ട്. ഒരു പ്രകൃതിസ്നേഹി കൂടിയാണ് അവൾ. അതുകൊണ്ട് തന്നെ ഇന്ന് സ്കൂളിലേക്ക് പോകുവാൻ വളരെ തിടുക്കമാണ്. അവധികാലത്തിന്റെ സന്തോഷത്തിനുശേഷം സ്കൂളിലേക്ക് അവൾ പോയി. അന്ന് ആ സ്കൂളിൽ ചെടികൾ കൊടുക്കുന്നുണ്ടായിരുന്നു. ചെടി വാങ്ങുവാൻ വേണ്ടി ആ കുഞ്ഞുമനസ്സ് തുടിച്ചു. അങ്ങനെ മീനുവും ഒരു കൊന്നചെടി സ്വന്തമാക്കി. സ്വർണനിറമുള്ള കൊന്നപ്പൂക്കൾ അവളെ വളരെ ആകർഷിച്ചു. വീട്ടിലേക്ക് മടങ്ങുമ്പോൾ കടുത്ത മഴയായിരുന്നു. മഴയത്ത് റീനു തന്റെ ഉള്ളം കയ്യിൽ ആ കൊച്ചുചെടിയും എടുത്ത് വീട്ടിലേക്ക് മടങ്ങി. കടുത്ത മഴ കാരണം അവളുടെ വസ്ത്രത്തിൽ മുഴുവൻ ചെടിയിലെ മണ്ണ് ഒലിച്ചിറങ്ങി. ആകെ വസ്ത്രം അഴുക്കായി. അങ്ങനെ വീട്ടിലെത്തി. വീടിന്റെ പടിയിൽ കാൽ വയ്ക്കും മുമ്പ് എവിടെ നിന്നോ ഒരു ശബ്ദം, അത് അവളുടെ അമ്മയുടേതായിരുന്നു എന്ന് അവൾ മനസ്സിലാക്കി. വസ്ത്രത്തിൽ അഴുക്കായതുകൊണ്ട് മീനുവിനെ അമ്മ ശകാരിച്ചു. അമ്മ തന്റെ മകളുടെ ഹൃദയത്തിലെ പ്രകൃതിയോടുള്ള സ്നേഹത്തെ മനസിലാക്കാൻ സാധിച്ചില്ല. ദേഷ്യത്തിൽ അമ്മ ആ കൊന്നയെ വലിച്ചെറിഞ്ഞു. ദുഃഖത്തോടെ അവൾ വരാന്തയിലെ കസേരയിൽ ഇരുന്നു. മീനു മഴ കുറഞ്ഞപ്പോൾ ഓടിപ്പോയി കൊന്നചെടിയും എടുത്ത് വീട്ടിന്റെ പുറകിൽ പോയി അതിനെ കുഴിച്ചിട്ടു. അമ്മ കാണാതെ അവൾ എപ്പോഴും ചെന്ന് നോക്കാറുണ്ടയിരുന്നു അവൾ.

കുറേ വർഷങ്ങൾ പിന്നിട്ടു. അമ്മയിൽ നിന്നും മീനുവിനെ മറ്റൊരിടത്തോട്ട് പറിച്ചു നട്ടു. അങ്ങനെ ആ വീട്ടിൽ അമ്മ തനിയെ കഴിഞ്ഞു. കുറേ കഴിഞ്ഞപ്പോൾ അമ്മയും

മരണമടഞ്ഞു. ആ മകൾ ചെയ്ത നല്ല പ്രവൃത്തി കൊണ്ട് അമ്മ മണ്ണിനടിയിലായപ്പോഴും അമ്മക്ക് തണലായി കൊന്നമരം നിന്നു. വെയിലിൽ നിന്നും മഴയിൽ നിന്നും കൊന്നമരം അമ്മയെ രക്ഷിച്ചു. മരമാകെ പൂത്ത് സ്വർണ്ണ നിറമുള്ള പൂക്കൾ അമ്മയുടെ ദേഹത്തിൽ പൊതിഞ്ഞു.....

ഗോപിക സോമൻ

# മനുഷ്യൻ

സ്വർണ്ണനിറമുള്ള പക്ഷി ചോദിച്ചു.
നിന്റെ നാടെവിടെ?
നിന്റെ കൂടെവിടെ?
കാട്ടിക്കൊടുക്കുവാനൊന്നുമില്ലാതേ
യേകയായി നിന്നൂ ഞാനും
എത്രയോ ജന്മം കഴിഞ്ഞുപോയൊരാ
മച്ചും, വെറും മൺകൂനമാത്രമായ്
ഇന്നും തെരുവിലാറാടുന്നു.
മരണാസന്നം ദയാശങ്കകൾ
പ്രകൃതിതൻ നിലവിളി കേൾക്കാ-
ത്തൊരാമനുഷ്യൻ തൻ പ്രവൃത്തി
പ്രതികാര ദാഹിയായ് മാറിയതോടെ
അവന്റെ രോദനം സർവ്വനാശം
മർത്ത്യനാശം ആർത്തിദോഷം.

- തുഷാര

# എന്റെ ഭാഷ

ദേവഭാഷതൻപാലാഴിയിൽമറഞ്ഞിരുന്ന
ആ മാണിക്യം മണിപ്രവാളത്തിൽ
കരംചേർത്തുത്തച്ഛന്റെ അശ്രുക്കൾ
ആനന്ദമായണിഞ്ഞെത്തിയീ
മായികനാടിൻ മൊഴിയായ്.
ഉദരിയിൽ ഉയിരെടുത്തേതൊരു
ഭാഷയ്ക്കുണ്ടാവീറ് ഈ
രമ്യതയഞ്ചാൻ,
ആശിസ്സേകുന്നീനാടിൻസംസ്കാരം
അഭിമാനമാണീ നാടിൻമൊഴി
മഞ്ജരികേകികാകളിയിലാടിയ
തുൽക്കവിതകൾ ഞാൻ
ഇതേതുവിധത്തിൽ വന്ദിക്കണം.
സമാസസന്ധിയാദിയായവ നിൻ
ചിറകുകൾക്ക് സ്വർണ്ണവർണ്ണം
പൂശിയാലും തായേ
ചന്തുവിന്റെ ഇന്ദുവിനുണ്ടോ
തുൽകായഭംഗി!
രാധയാം നിന്നെമെരുക്കുവാൻ
എത്രഎത്രകണ്ണൻമാർ കുഴലൂകി
എത്രഎത്രരാഗങ്ങളാ
കുഴലിലൂടെ ഹൃത്തിനാമോദമായ്
ശ്രുതിതെറ്റിയഎത്രയോ
രാഗങ്ങൾനൊമ്പരമായാഹൃത്തിനു,
എങ്ങ്പോയ്മതേനിൻ താരാട്ടിൻ ഈണം?
വേവലാതിപൂണ്ടനിൻ മക്കളെതഴുകാൻ
തമ്പിതൻ തിങ്കൾകിടാവുപോരാ!
ഒരുമതൻ ഈണം ഏറ്റുചൊല്ലുവാൻ
ആരുണ്ടുന്നീമണ്ണിൽ മനുഷ്യരായ്?
ഏവരുംജീവിക്കുന്നിന്നൊറ്റയായ്.
അമ്മയെനിന്ദിച്ച്, ഭാഷയെ
തള്ളിയോതിയീനാടിനെവിസ്മരിച്ചെങ്ങോട്ട്-
പോവുന്നീ അവിവേകിയാം മാനവർ?
അറിയില്ലറിയില്ലറിയില്ല!



# ചിന്തകൾക്കപ്പുറം

ആ ദിവസം ഞാൻ എഴുന്നേൽക്കുന്നത് അവളെ കാൺമാനില്ല എന്ന വാർത്തകേട്ടു കൊണ്ടാണ്. അവളെ ഞാൻ പലവട്ടം കണ്ടിട്ടുണ്ട്. തമ്മിൽ കണ്ടുമാത്രം പരിചയമുള്ളവരാണ് എങ്കിലും നമ്മൾ അപരിചിതരാണ്. എന്നിട്ടും എനിക്ക് വേണ്ടപ്പെട്ട ഒരാൾ എന്നപോലെ ഞാൻ അവളുടെ മുഖം ഓർത്തെടുക്കുവാൻ ശ്രമിക്കുന്നു. ഒരു ദിവസം നീണ്ടുനിന്ന മൊഴിയെടുക്കൽ കഴിഞ്ഞപ്പോൾ പോലീസ് മേധാവികൾ വ്യക്തമാക്കി. അവളെ സ്കൂളിനു മുൻപിൽ ഒരു ചെറുപ്പക്കാരനോട് സംസാരിക്കുന്നതായി കണ്ടിട്ടുണ്ടെന്ന് മൊഴികൊടുത്തത് സഹപാഠികളാണെന്ന്. അങ്ങനെ അവൾ ഒരു മോശക്കാരിയായി ചിത്രീകരിക്കപ്പെട്ടു. ഞാൻ പോലും ഒരു നിമിഷം അവളെ സംശയത്തോടെ ഓർത്തുപോയി. പിന്നെ അന്വേഷണം ആ വഴിക്കായി.

മൂന്നു ദിവസങ്ങൾക്കുശേഷം അവളെ തന്റെ വീടിനു മുമ്പിലുള്ള കുറ്റിക്കാട്ടിൽ നിന്നും കണ്ടെത്തി. താൻ എന്നും സഞ്ചരിച്ചുകൊണ്ടിരുന്ന റെയിൽപാളവും, കേട്ടുകൊണ്ടിരുന്ന തീവണ്ടിയുടെ ചൂളം വിളിയും അന്ന് നീ കേൾക്കാതിരുന്നത് എന്തുകൊണ്ടാണ്. മൂന്നു ദിവസത്തോളം തന്നെ അഹങ്കാരി എന്ന് വീണ്ടും വീണ്ടും വിശേഷിപ്പിച്ച ഓരോരുത്തരോടും ഒരു മറുവാക്കുപോലും ഉച്ചരിക്കാതെ നിശ്ചലയായി കാറ്റും മഴയും വെയിലും കൊണ്ട് നീ കിടന്നു.

നഷ്ടപ്പെട്ടത് ആർക്ക്? അവളെ കുറ്റപ്പെടുത്തിയവർ അതു മറ്റുള്ളവരുടെ മുന്നിൽ തിരുത്തി പറഞ്ഞു. ഒരു ദിവസത്തെ സ്കൂൾ അവധിയും ദുഃഖാചരണവും കൊണ്ട് എല്ലാം അവസാനിച്ചു. തന്നെ കുറ്റപ്പെടുത്തിയവർ തനിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

അവളുടെ ശരീരം കണ്ടെത്തിയപ്പോൾ പോലീസുകാർ വിശദീകരിച്ചത്, ആ സമയം വരെ തന്റെ കയ്യിൽ അവൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണം മുറുകെ പിടിച്ചിരുന്നു എന്നാണ്.

തന്നെ മറന്ന തന്റെ കുടുംബക്കാരെ പോലും അവൾ തന്റെ ഹൃദയത്തിൽ വേദനയോടെ ഓർത്തിരിക്കണം.

ആ പതിനെട്ടുവയസ്സുകാരിയെ തെറ്റിദ്ധരിച്ച എന്നോട് ദൈവം പൊറുക്കട്ടെ......

കൃഷ്ണവൃന്ദ വി എം

# മാളുവിന്റെ പിറന്നാൾ

മാളു വലിയ സന്തോഷത്തിലാണ്... രാവിലെ തന്നെ എഴുന്നേറ്റു കുളിച്ചൊരുങ്ങി... അമ്പലത്തിൽ പോകണം... ഇന്ന് അവളുടെ പിറന്നാൾ ആണ്. അച്ഛൻ വാങ്ങിക്കൊടുത്ത പുതിയ പട്ടുപാവാട ഇട്ട് അമ്പലത്തിൽ പോയി വന്നു... കുഞ്ഞനുജൻ നന്ദു ഇനിയും എഴുന്നേറ്റിട്ടില്ല...



"എന്തൊരു ഉറക്കാ ഈ ചെക്കന് വിളിച്ച് എഴുന്നേൽപ്പിച്ചാലോ?" അവൾ ആലോചിച്ചു. "വേണ്ട പാവം ഉറങ്ങിക്കോട്ടെ".... അവൾ മനസ്സുമാറ്റി... അത്രക്ക് ജീവനാണ് നന്ദൂട്ടനെ അവൾക്ക്... നന്ദൂട്ടനും അങ്ങനെതന്നെ... എല്ലാത്തിനും ചേച്ചി മതി... അമ്മ അടുക്കളിൽ തിരക്കിട്ട പണിയിലാണ്. പിറന്നാൾ പ്രമാണിച്ച് മാളുവിന്റെ ക്ലാസിലെ കുട്ടുകാരൊക്കെ വരുന്നുണ്ട്. അവർക്ക് വേണ്ടി സദ്യയും പായസവുമൊക്കെ ഒരുക്കുകയാണ് അമ്മ. മാളു ഇപ്പോൾ ഏഴാം ക്ലാസിലാണ്. അടുത്ത കൊല്ലം പുതിയ സ്കൂളിലാ അതുകൊണ്ടാ ക്ലാസിലെ കുട്ടുകാരെയൊക്കെ പിറന്നാളിനു വിളിക്കണമെന്ന് അവൾ നിർബന്ധം പിടിച്ചത്... അച്ഛനും അമ്മയും അവളുടെ ഇഷ്ടത്തിന് എതിര് നിന്നില്ല. അമ്മു, നീതു, കണ്ണൻ, അനന്തു... എല്ലാവരും വരും...

മാളുവിന് സന്തോഷം അടക്കാനായില്ല. ഊണൊക്കെ കഴിഞ്ഞ് കുറേനേരം കളിച്ച് വൈകുന്നേരം തിരിച്ചു പോയാ മതിയെന്ന് അവൾ കുട്ടുകാരോടൊക്കെ നേരത്തെ പറഞ്ഞുവച്ചിട്ടുണ്ട്. അപ്പോഴേക്കും നന്ദൂട്ടൻ എഴുന്നേറ്റ് ചേച്ചിയെ അന്വേഷിക്കാൻ തുടങ്ങി. അമ്മ വേഗം നന്ദൂട്ടനെ കുളിപ്പിച്ച് ഒരുക്കി നിർത്തി. "നിന്റെ അച്ഛനിതെവിടെ പോയി കിടക്കുകയാ... ഇപ്പം വരാം എന്നു പറഞ്ഞു പോയിട്ട് മണിക്കൂറൊന്നായി. കുട്ടുകൂടി കള്ളുകുടിക്കാൻ പോയികാണും. അമ്മ മാളുവിനോടായി പറഞ്ഞു. "അച്ഛൻ ഇന്ന് കള്ളൊന്നും കുടിക്കുല അമ്മേ.. മാളൂന്റെ പിറന്നാളായിട്ട് എന്റെച്ഛൻ കള്ളു കുടിക്ക്വോ? മാളു പറഞ്ഞു. "ഇനി കുടിക്കുലാന്ന് പറഞ്ഞല്ലേ എപ്പോളും വീട്ടിൽ നിന്നും ഇറങ്ങുന്നത്... എന്നിട്ടു തിരിച്ചു വരുന്നതോ?"

അമ്മ വിടാൻ ഭാവമില്ല. "ഓ, ഈ അമ്മ ... എപ്പോ നോക്കിയാലും അച്ഛനെ കുറ്റം പറയാനെ നേരമുള്ളൂ." മാളു മുഖം വീർപ്പിച്ചുകൊണ്ട് ഓടിപ്പോയി. അവൾ നന്ദൂട്ടനെയും കൂട്ടി വേലിക്കൽ പോയി നിന്നു. കുട്ടുക്കാർ വരുന്നുണ്ടോന്ന് നോക്കി.

ആരെയും കാണുന്നില്ല...

ഇവർക്കൊക്കെ ഒന്നു വേഗം വന്നാലെന്താ?

മാളുവിന് ദേഷ്യം വന്നു തുടങ്ങി. അപ്പോളതാ വരുന്നു കലപില കൂട്ടിക്കൊണ്ട് കുട്ടിസംഘം.. മാളുവിന് സന്തോഷമായി. “അമ്മേ , എല്ലാരും എത്തി.”

അവൾ അകത്തേക്ക് നോക്കി വിളിച്ചു പറഞ്ഞു. അമ്മ വന്ന് എല്ലാവരെയും സ്വീകരിച്ചെത്തി.

“ഈ അച്ഛൻ ഇതുവരെ എത്തിയില്ലല്ലോ. കൂട്ടുകാരൊക്കെ വരുന്നത് മറന്നുപോയോ ?”

മാളുവിന് ആധിയായി.

“അച്ഛൻ വന്നേ!”

ദൂരെ നിന്ന് അച്ഛൻ വരുന്നതു കണ്ട് നന്ദൂട്ടൻ പുറത്തേക്ക് ഓടി പിന്നാലെ മാളുവും. അടുത്തെത്തിയപ്പോളാ

അവൾക്ക് മനസ്സിലായത്...

അച്ഛൻ കുടിച്ചിട്ടുണ്ട്...

അവൾക്ക് സങ്കടമായി...

അച്ഛൻ നല്ല മനുഷ്യൻ തന്നെയാ. പക്ഷേ കുടിച്ചു കഴിഞ്ഞാൽ അമ്മയുമായിട്ട് ഒന്നും രണ്ടും പറഞ്ഞ് വഴക്കിടും. അമ്മയും വിട്ടുകൊടുക്കില്ല.

അവസാനം വഴക്ക് മൂത്ത് അച്ഛൻ ആഹാരമൊക്കെ എടുത്ത് വലിച്ചെറിയും. അടുത്ത വീട്ടുകാരൊക്കെ എത്തി നോക്കാൻ തുടങ്ങും. അപ്പോൾ... അതാ മാളുവിന് സഹിക്കാൻ കഴിയാത്തത്...

“മാളൂട്ടിയുടെ കൂട്ടുകാരൊക്കെ വന്നോടീ?”

നന്ദൂട്ടനെ വാരിയെടുത്തുകൊണ്ട് അച്ഛൻ ചോദിച്ചു. അവൾ ഒന്നും മിണ്ടാതെ അകത്തേക്ക് കയറിപ്പോയി.. അച്ഛൻ കുട്ടികളോടൊക്കെ കുശലം പറഞ്ഞിട്ട് അടുക്കളയിലേക്കു പോയി.

“നിങ്ങൾ ഇന്നും കുടിച്ചുവല്ലേ?”

അമ്മ ദേഷ്യത്തോടെ ചോദിച്ചു. "അത് പിന്നെ എന്റെ മാളൂട്ടിയുടെ പിറന്നാളല്ല്യോ അതിന്റെ സന്തോഷത്തിന് ഒരിത്തിരി.” “നിങ്ങൾക്ക് എപ്പോഴും ഓരോ കാരണം ഉണ്ടാവുമല്ലോ?”. അമ്മ മുറുമുറുത്തു.

രണ്ടാളും അങ്ങോട്ടുമിങ്ങോട്ടും ഓരോന്നു പറഞ്ഞു വഴക്കിടാൻ തുടങ്ങി. മാളുവിന് പേടിയായി. “ഈശ്വരാ കൂട്ടുകാരൊക്കെ കേൾക്കുമല്ലോ? അവരൊക്കെ എന്തു വിചാരിക്കും”...

നന്ദൂട്ടൻ പേടിച്ചു. വാതിലിന്റെ മൂലയിൽ ഒളിച്ചു. കൂട്ടുകാരൊക്കെ ശ്രദ്ധിക്കാൻ തുടങ്ങി.

“ഈ അച്ഛനും അമ്മയ്ക്കും ഒന്ന് നിർത്തിക്കൂടേ" മാളുവിന്റെ കൂട്ടുകാർ പേടിച്ചു വിറച്ചു പുറത്തേക്ക് വിതറിയോടി.പിറന്നാൾ സദ്യ കഴിക്കാൻ വന്ന കൂട്ടുക്കാർ ഒന്നും കഴിക്കാതെ പേടിച്ചോടിയത് മാളുവിന് സഹിക്കാൻ കഴിഞ്ഞില്ല. അവൾ കട്ടിലിൽ കമഴ്ന്നു കിടന്നു കരഞ്ഞു കരഞ്ഞു കരഞ്ഞു എപ്പോഴൊ ഉറങ്ങി. പിറന്നാൾ ദിവസം അവൾ പട്ടിണിയായി.

പിറ്റേന്ന രാവിലെ എഴുന്നേറ്റ് കുളിച്ച് സ്കൂളിലേക്ക് പോകാൻ റെഡിയായി..

ലോഹ്യം കൂടാൻ വന്ന അച്ഛനോടും അമ്മയോടും ഒന്നും മിണ്ടിയില്ല. അമ്മ കൊടുത്ത ഭക്ഷണവും കഴിച്ച് സ്കൂളിലേക്ക് പോയി.

സ്കൂളിലെത്തിയപ്പോൾ കുട്ടികളൊക്കെ മാളുവിനെ കളിയാക്കാൻ തുടങ്ങി. ഇന്നലെ അവളുടെ വീട്ടിൽ നടന്ന കാര്യങ്ങളൊക്കെ കൂട്ടുകാർ പറഞ്ഞു എല്ലാ കുട്ടികളും അറിഞ്ഞു.

"വഴക്ക് മൂത്ത് അവസാനം ഇവളുടെ അച്ഛനമ്മയും ഡിവോഴ്സ് ആകും."

കണ്ണൻ പറഞ്ഞു.

നന്ദൂട്ടൻ അമ്മയുടെ കൂടെയും ഇവള് അച്ഛന്റെ കൂടെയും ആവും അല്ലേ? അമ്മുവിന്റെ വക.

എല്ലാം കേട്ട് മാളുവിന് തലപെരുക്കുന്നതുപോലെ തോന്നി.

"എന്റെ നന്ദൂട്ടനെ പിരിയാനോ?" ഓർക്കുമ്പോൾ തന്നെ നെഞ്ചു പൊട്ടുന്നു.

തലവേദനയാണെന്ന് ടീച്ചറോട് കള്ളം പറഞ്ഞു അവൾ വീട്ടിലേക്ക് മടങ്ങി.

ഇന്നലത്തെ സംഭവത്തിൽ അച്ഛനും കുറ്റബോധം ഉണ്ടായിരുന്നു. അതുകൊണ്ട് പണിക്കുപോകാതെ വീട്ടിൽ തന്നെ ചടഞ്ഞുകൂടിയിരുന്നു. നന്ദൂട്ടൻ അടുത്തിരുന്നു കളിക്കുന്നുണ്ടായിരുന്നു.

"എന്തുപറ്റി മോളേ?"

സ്കൂളിലേക്ക് പോയ മാളു തിരിച്ചു വന്നത് കണ്ട് അച്ഛൻ ചോദിച്ചു. "അച്ഛനും അമ്മയും ഡിവോഴ്സാകുമോ? ഞാനും നന്ദൂട്ടനും പിരിയേണ്ടി വരുമോ?" മാളു പൊട്ടിക്കരഞ്ഞു പോയി. ഡിവോഴ്സോ? ആരാ മോളോട് ഇങ്ങനെയൊക്കെ പറഞ്ഞത്?

മാളുവിന്റെ കരച്ചിൽ കേട്ട് അങ്ങോട്ടെത്തിയ അമ്മ ചോദിച്ചു.

"കൂട്ടുകാരാ പറഞ്ഞത്... ഇന്നലെ അവരിവിടെ വന്നപ്പോൾ നിങ്ങൾ വഴക്ക് കൂടിയില്ലേ... അതു പോലെ എപ്പോഴും വഴക്കിട്ടാൽ ഡിവോഴ്സ് ആകും, ഞാനും നന്ദൂട്ടനും പറഞ്ഞു."

അങ്ങനെ സംഭവിച്ചാൽ ചത്തുകളയും ഞാൻ.

മാളു ഏങ്ങലടിച്ചു. "ഇനി വഴക്ക് കൂടല്ലേ അച്ഛാ.." നന്ദൂട്ടൻ ഓടി വന്നു ചേച്ചിയെ കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി... അച്ഛനും അമ്മയും എന്തു ചെയ്യണമെന്നറിയാതെ പരസ്പരം നോക്കി. വഴക്ക് കൂടുമ്പോൾ മക്കളുടെ കുഞ്ഞുമനസ്സിൽ എത്രത്തോളം വേദനയുണ്ടാകുമെന്ന് ഇതു വരെ ഓർത്തില്ലല്ലോ എന്ന് ആലോചിച്ചപ്പോൾ രണ്ടു പേരുടേയും കണ്ണു നിറഞ്ഞു...

"ഇല്ല മോളേ ഇനി അങ്ങനെയൊന്നും ഉണ്ടാകില്ല... എന്റെ മോള് വിഷമിക്കരുത്."

അച്ഛൻ മാളുവിനെ ചേർത്തു പിടിച്ചു. "എന്റെയീ നശിച്ച കുടിയാ എല്ലാത്തിനും കാരണം ഇനിയൊരിക്കലും ഞാൻ കുടിക്കില്ല... എന്റെ രണ്ട് മക്കളാണ സത്യം..."

അച്ഛൻ മക്കളുടെ തലയിൽ കൈവച്ച് സത്യം ചെയ്തു. മാളുവിന് സന്തോഷമായി... അവൾ കണ്ണീർതുടച്ചു നന്ദൂട്ടനെ വാരിയെടുത്തു. ഒരിക്കലും കൈവിടാൻ ആവാത്ത നിധി പോലെ...

അച്ഛനും അമ്മയും ആ കുഞ്ഞുങ്ങളുടെ സ്നേഹം കണ്ണുനിറയെ കണ്ടു നിന്നു...

ഇനിയൊരിക്കലും വഴക്കുണ്ടാക്കില്ല എന്ന് അവർ തീരുമാനിച്ചു. അങ്ങനെ സന്തോഷ ജീവിത നയിക്കാം.

## തിരുത്തൽ

പ്രകൃതി നമ്മുടെ അമ്മയാണ്. ഓരോ ജീവജാലങ്ങളുടെയും വീട്. ഈ പ്രപഞ്ചസൃഷ്ടിയിൽ എല്ലാം ഉൾപ്പെട്ടിരിക്കുന്നു. ആവശ്യമായതും നമുക്ക് ആവശ്യമില്ലായെന്ന്



തോന്നുന്നതുമായ എല്ലാം ഈ പ്രപഞ്ചത്തിൽ ഉൾക്കൊള്ളുന്നു. പക്ഷേ , നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, നാം ഈ ലോകത്ത് ആവശ്യമില്ലെന്നുപറഞ്ഞ് തള്ളിക്കളയുന്ന ഏതൊരു വസ്തുവിനും നമ്മെ സഹായിക്കാനുള്ള കഴിവുണ്ട്. അത് മനസ്സിലാക്കേണ്ടത് നാം ആണ്, അത് നമ്മുടെ കടമയാണ്.

പ്രകൃതി നമ്മെയെല്ലാവരെയും ഒരു പോലെയാണ് സൃഷ്ടിച്ചത്, ഒരു പോലെയാണ് കാണുന്നതും. ഒരു സത്യസന്ധനായ രാജാവ് അദ്ദേഹത്തിന്റെ പ്രജകളെ കാണുന്നതുപോലെ. എന്നാൽ അയാളുടെ രാജ്യത്തിലും കാണും പണത്തിനും സമ്പത്തിനും വേണ്ടി ചാരപ്രവർത്തി ചെയ്യുന്നവർ. അതുപോലെ നമ്മളുടെ ഇടയിലും കാണും, പണത്തിനും സമ്പത്തിനും വേണ്ടി ഈ പ്രപഞ്ചത്തെ തന്നെ നശിപ്പിക്കുന്നവർ. സ്വന്തം സുഖവും സന്തോഷവും തേടിപോകുന്ന നാം ഓരോരുത്തരും അറിയണം മറ്റുള്ളവരുടെ വേദനയും അവസ്ഥയും.

എന്തുകൊണ്ടാണ്, ഈ കാണുന്ന പ്രളയം മഹാദുരന്തമായി ഓരോ വർഷവും നമ്മെ തേടിയെത്തുന്നത്. അതിന് ഒരു കാരണമേയുള്ളൂ, നാം മനുഷ്യരുടെ ദുസ്വഭാവം. വർഷങ്ങൾക്കു മുമ്പ് തന്നെ വിവിധ പഠനങ്ങൾ വ്യക്തമാക്കിയതാണ്, വരാൻ പോകുന്ന ആപത്തിനെക്കുറിച്ച്. പക്ഷേ, അന്നും ഇന്നും നാം അതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല. കഴിഞ്ഞ പ്രളയം തന്ന പാഠവും നാം ഉൾക്കൊണ്ടില്ല. പകരം നാം ജീവിച്ചു, പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് ജീവിച്ചു.

എല്ലാ വർഷവും ജൂൺ 5, നാം ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നു. സൂപ്പർസ്റ്റാറുകളും, മന്ത്രിമാരും മറ്റുള്ള എല്ലാ ഉന്നതന്മാരും അന്ന്, ആ ദിവസം പൊങ്ങച്ചത്തിന് ഒരു ചെടി വയ്ക്കും. പിറ്റേ വർഷം അതേ സ്ഥലത്ത്, കഴിഞ്ഞ വർഷം വെച്ചുപിടിപ്പിച്ച ചെടി തട്ടി മാറ്റിക്കൊണ്ട് അടുത്തത് വെയ്ക്കും. സുഹൃത്തുക്കളെ എത്രപേരുണ്ട് ഈ സമൂഹത്തിൽ ഇന്ന് ഒരു ചെടിയെ പരിപാലിക്കുന്നവരായി, പരിസ്ഥിതി സംരക്ഷകർ

ഒഴികെ. ഇവിടെയാണ് നാം ശബ്ദമുയർത്തേണ്ടത്. ഇന്നാണ്, ഇപ്പോഴാണ് ഭൂമിദേവി നമ്മുടെ ശബ്ദം ഉയരാൻ ആഗ്രഹിക്കുന്നത്.

ഒന്നിനും കൊള്ളാത്തവനെന്നും, കള്ളും കഞ്ചാവും ആണെന്ന് പറഞ്ഞ് നാം ഒരുപാട് പേരെ തള്ളിമാറ്റാറുണ്ട്. പക്ഷേ, അവരങ്ങനെയായിരിക്കണമെന്നില്ല. ഇംഗ്ലീഷിലെ പ്രശസ്തമായ പഴഞ്ചൊല്ല്, 'ഡോൺ ജഡ്ജ് എ ബുക്ക് ബൈ ഇറ്റ്സ് കവർ'. ഓരോ പുതുതലമുറയുടേയും ജീവിതം അടിസ്ഥാനമാക്കി മുന്നോട്ടു പോകുന്നു. നിങ്ങൾ ഇന്ന് തള്ളിമാറ്റുന്ന ഇന്നത്തെ ഈ പുതുതലമുറയാണ് ഓരോ പ്രളയത്തിലും നമ്മെ താങ്ങിനിർത്തിയവർ. ഒരുപക്ഷേ, അന്നും ഇന്നും അവർ ഇല്ലായിരുന്നെങ്കിൽ, ഒരു പുതിയ കേരളം നമുക്ക് അസംഭവ്യമായി തീർന്നേനെ. ഈ ലോകത്തിന്റെ ഭാവി ഞങ്ങളുടെ

കൈകളിലാണ്. ഇത് നമ്മുടെ സമയമാണ്, നമ്മുടെ ആവശ്യങ്ങൾ മടികൂടാതെ ഉച്ചത്തിൽ പറയാൻ ഉള്ള സമയം. ആരെയും പേടിച്ച് ജീവിക്കേണ്ടവരല്ല നമ്മൾ, ഏത് മഹാപ്രളയത്തെയും അതിജീവിച്ചവരാണ് നാം. അന്നും ഇന്നും എന്നും ഒരുമിച്ച് ഒറ്റക്കെട്ടായി നമുക്ക് മുന്നോട്ടു പോകാം

സന ഗിരീഷ്

## പ്രകൃതിതൻ പ്രതികാരം



പതിവുപോലെ ഒരു സഞ്ചിയെടുത്ത് ജയദേവൻ തന്റെ വീട്ടിൽ നിന്ന് പുറപ്പെട്ടു. ശൂന്യമായ സഞ്ചിയായിരുന്നില്ല അത്. തലേ ദിവസത്തെ മാലിന്യങ്ങളും ഭക്ഷണാവശിഷ്ടങ്ങളും അടുത്തു ചെന്നു നോക്കിയാൽ ദുർഗന്ധം സഹിക്കാൻ കഴിയാത്ത കാണുമ്പോൾ അറുപ്പിക്കുന്നതും വെറുപ്പിക്കുന്നതുമായ സാധനങ്ങളായിരുന്നു ആ സഞ്ചിയിൽ.

മനസ്സിന്റെ ഉള്ളറ മുതൽ ആകാശത്തിന്റെ അറ്റം വരെ ദൃശ്യമാക്കാൻ കഴിയുന്ന കളകളം ഒഴുകുന്ന തെളിമയുള്ള ജലത്താൽ സമൃദ്ധമായ അരുവി. ഈ വർണ്ണാഭമായ അരുവിയിലേക്കാണ് ജയദേവൻ തന്റെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പോകുന്നത്. ഇത്

കണ്ട് കുഞ്ഞുട്ടപ്പിട്ട് അരുവിക്കരികിലൂടെ ഓടിവന്ന ദേവതയെപോലുള്ള ദേവു എന്ന കുട്ടി (വയസ്സ് 6) ജയദേവനോട് പറഞ്ഞു "അരുത് , ഈ മാലിന്യങ്ങൾ അരുവിയിൽ നിക്ഷേപിക്കരുത്. നിക്ഷേപിച്ചാൽ അത് നിങ്ങൾക്ക് തന്നെയാണ് ദോഷം എന്ന് എന്റെ വിദ്യാലയത്തിൽ ഞാൻ പഠിച്ചിട്ടുണ്ട്.'' പക്ഷേ ഇതൊന്നും കേട്ടഭാവമില്ലാതെ അയാൾ തന്റെ ദുർപ്രവൃത്തി തുടർന്നു കൊണ്ടേയിരിക്കുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം, നല്ല മഴയായിരുന്നു. ആ മഴ രാത്രി വരെ തുടർന്നിരുന്നു. തോരാത്ത മഴ. അന്ന് പ്രകൃതിയും രജനിയും നല്ല കോപമുണ്ടായിരുന്നു. പിറ്റേ ദിവസം ജയദേവൻ വാതിൽ തുറന്നു കണികാണുന്നത് തന്റെ വീട്ടുമുറ്റത്ത് നിറയെ പ്ലാസ്റ്റിക് കവറുകളും മാലിന്യങ്ങളും നിറഞ്ഞിരിക്കുന്ന ജലം വീടിന്റെ പടിയോളം കയറിയിരിക്കുന്നതാണ്. അതിൽ മിക്ക സാധനങ്ങളും തന്റെ വീട്ടിൽനിന്ന് അരുവിയിലേക്ക് വലിച്ചെറിഞ്ഞതാണെന്ന് ജയദേവന് മനസ്സിലായി.

ജയദേവന് ഈ അനുഭവത്തിലൂടെ താൻ ഇതുവരെ ചെയ്തിരുന്ന പ്രവൃത്തി തെറ്റാണെന്നും പ്രകൃതിയോട് നാം എന്തു ക്രൂരത ചെയ്യുന്നുവോ അതൊക്കെ നമുക്ക് തന്നെ പ്രകൃതി തിരിച്ചുനൽകുമെന്നും ഇനി തന്റെ ജീവിതത്തിൽ ഈ പ്രവൃത്തി ചെയ്യുകയില്ലെന്നും അയാൾ മനസ്സിൽ ദൃഢപ്രതിജ്ഞ ചെയ്തു.

"ഭൂമി ഒന്നു ചുമലുകുലുക്കി തിരിഞ്ഞിരുന്നാൽ തീരാവുന്നതേയുള്ളൂ മനുഷ്യർ!''

മുഫ്ഷിന

## തിരിഞ്ഞുനോക്കുമ്പോൾ കാണാതെ പോയത്

മായാത്ത ആകാശനീലിമപോലെ
മറക്കാൻ പറ്റാത്ത സങ്കടങ്ങളും
ഓർത്തുവച്ചാൽ അസഹനീയമാകുന്ന
നിരാശകളും, ജീവിതമാകുന്ന
കടലിൽ തിരമാലകളായി കൊടുങ്കാറ്റെന്ന
പോലെ ആഞ്ഞടിക്കുന്നു.

ചെറുപൂവിൻ ഇതൾപോലെ
മൃദുലമായ മനസ്സിൽ
മഴത്തുള്ളിയാകുന്ന പനിനീർ
അനുരാഗം ചുംബിക്കുന്നു.

ആ നിമിഷം ഞാനറിഞ്ഞിരുന്നില്ല
എൻ മിഴികളിൽ ദൃശ്യമാകാതെ
ഒരുപിടി വർണ്ണാഭമായ
കാഴ്ചകൾ മറഞ്ഞുനിന്നിരുന്നുവെന്ന്

കാൽ പിറകോട്ടു വെച്ച് തിരിഞ്ഞു

നോക്കിയപ്പോൾ അവൻ കാണാൻ സാധിച്ചില്ല.

എൻ മനസ്സാകെ പുസ്തകത്താളുകൾ

തുറന്നു നോക്കിയപ്പോൾ

ജീവന്റെ തുടിപ്പുകൾ നിലനിർത്തിയിരുന്ന

ആ മനോഹരനിമിഷങ്ങൾ

എന്നെന്നേയ്ക്കുമായി അദൃശ്യമായിരുന്നു.

-മുഫ്ഷിന

## ഇപ്പോഴും എപ്പോഴും

ഓർക്കുന്നു ഞാൻ ഇപ്പോഴും എപ്പോഴും
കൂട്ടുകാരോടൊപ്പമുള്ള ആ ദിനങ്ങൾ
മഴയിൽ കളിച്ച് ആടിപ്പാടി നടന്നു ഞങ്ങൾ
താളം പിടിച്ച് വരുന്ന മഴയും
അതിന്റെ കൂടെ താളമുള്ള പാട്ടും
കടലാസുതോണിയുണ്ടാക്കി ഒഴുക്കിയ അദ്ദിനങ്ങൾ
ഏറെ ഇഷ്ടപ്പെടുന്നു ഇപ്പോഴും എപ്പോഴും
അമ്മ വഴക്കുപറഞ്ഞാൽകൂടി മഴയിൽ കളിക്കുന്ന ഞങ്ങൾ
വടി കാണുമ്പോൾ അനുസരണയോടെ അകത്തുകയറുന്നു
പിന്നെയുംപിന്നെയും തുടിച്ചു എൻ മനം
അവനെ ഒന്ന് സ്പർശിക്കാൻ.
വീണ്ടും ഇറങ്ങി ഞാൻ ആ മഴയിൽ
താളം പിടിച്ച് കളിച്ച് രസിച്ചീടുമ്പോൾ
മിന്നൽ പോലെയെത്തി എൻ അമ്മ
ഇടിയും മഴയും കൊണ്ടു ഞാൻ
പിന്നീട് എൻ കണ്ണുകളിൽ നിന്നിറങ്ങി പേമാരി

മറക്കാനാവില്ല ആ ദിനങ്ങൾ ഇപ്പോഴും എപ്പോഴും.

അനശ്രീ

## നിഴലായ് എന്നും

മൗനമായെൻ ജീവിതത്തിൽ
കുളിരുമായ് നീ വന്നു
മിഴിയിലേതോ മൊഴികൾ പോലെ
പെൻ വസന്തം തന്നു.
അറിയാതെയെൻ നെഞ്ചിനുള്ളിൽ
താളമായ് നിന്നു.
ഈ രാവിലെ കുളിർകാറ്റുപോൽ
നീയെന്നിൽ പടർന്നു.
ഹൃദയസ്പന്ദനങ്ങൾ തൊട്ടു-
ണർത്തുന്ന
രാഗമായ് നീ വന്നു
മഴവില്ലഴകിൽ ചിലങ്കയിട്ട്
വർണ്ണമായ് നിന്നു.
അറിയാതെയെൻ ജീവനിൽ
വന്നണഞ്ഞ സൗന്ദര്യമേ..
നീയൊരു നിലാപക്ഷിയായ്
ഉയരുമീ പുലർവേളയിൽ
ഉണരുമെൻ നെഞ്ചിനുള്ളിൽ
കനവായ് വരില്ലയോ.

നീയെൻ സുന്ദരിയായ്, കവിതയായ്
ഉയിരിൻ താളമായ് വരില്ലയോ
നിൻ മിഴികളെൻ മൊഴിയിലെ
രാഗമായ് ചേരില്ലയോ....

അനശ്രീ

## മലഞ്ചെരുവിലെ സായാഹ്നം



“ഉണ്ണീ തുമ്പപ്പൂ താഴെ വീഴാതെ പിടിക്കണട്ടോ" അമ്മുവും ഉണ്ണിയും കൂട്ടുകാരും മലഞ്ചെരുവിലെ പൂന്തോട്ടത്തിൽ നിന്ന് പൂപറിച്ചു കൊണ്ടിരിക്കുകയാണ് ഓണത്തപ്പന് വിരുന്നൊരുക്കാനായി. മനോഹരമായ കണ്ണാന്തളി പൂക്കളും, തുമ്പയും, മുക്കുറ്റിയും എല്ലാ നിറച്ചാർത്തണിയിക്കുകയാണ്. കണ്ണാന്തളിപ്പൂക്കളാൽ ഹാരമണിഞ്ഞ മലയും അസ്തമയസൂര്യനും അവർ നാളേയ്ക്കായി പൂവ് ശേഖരിക്കുകയാണ്. വാടാത്ത പൂവുകൾ നോക്കി കൊട്ടയിലാക്കുന്ന തിരക്കിലാണ് അമ്മു.

“കൃഷ്ണമുടി മലയിലെ കണ്ണാന്തളി പൂക്കൾ കാണാൻ എന്ത് ഭംഗിയാ അമ്മുച്ചേച്ചി".”ആ ശരിയാ ഉണ്ണി അസ്തമയസൂര്യന്റെ പൊൻപ്രഭയിൽ കണ്ണാന്തളിപ്പൂക്കൾ വജ്രങ്ങളാണ്. വാ സന്ധ്യയായി. കേട്ടില്ലേ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ദീപാരാധനയായി. മലയുടെ ഏറ്റവും മുകളിൽ നിന്നിതാ ഒച്ച കേൾക്കുന്നു. നമുക്കു പോകാം. ശ്രീകൃഷ്ണക്ഷേത്രത്തിന്റെ പിറകിൽ നിന്ന് സൂര്യൻ ശ്രീകോവിലിനകത്തേയ്ക്ക് കേറുമെന്ന് പറഞ്ഞത് ശരിയാണോ അമ്മുച്ചേച്ചി"

“ആരാ നിന്നോടീ കള്ളം പറഞ്ഞേ” ചിന്നുവിന്റെ ചോദ്യം കേട്ട് ഉണ്ണിക്ക് ദേഷ്യം വന്നു.

“ഞങ്ങടെ അമ്മൂമ്മ പറഞ്ഞതാ". അവർ അവരുടെ വീട്ടിലേയ്ക്ക് മടങ്ങി.

അന്നു രാത്രി കനത്ത മഴയായിരുന്നു. രാവിലെ അമ്മുവിനേയും ഉണ്ണിയേയും അമ്മ പൂക്കളമൊരുക്കാനായി വിളിച്ചുണർത്തി. കോലായിലും ഉമ്മറത്തുമെല്ലാം മഴവെള്ളം തളം

കെട്ടി കിടക്കുകയായിരുന്നു. അവരുടെ പൂക്കളം അവർ കുടക്കീഴിലാക്കി. "ഉണ്ണി നീ വിഷമിക്കണ്ട. ഓണത്തിന് മഴ ഉണ്ടാവില്ല കേട്ടോ" "അതെന്താ അമ്മുച്ചേച്ചി". "അതങ്ങനെയാ. അത്തം കറുത്താൽ ഓണം വെളുക്കും". "ഇന്നു വൈകുന്നേരമാവട്ടെ നമുക്ക് കുറെ പൂവുപറിക്കാം. കൃഷ്ണമുടി മലയിൽ നിന്ന്". ചിന്നുവും മറ്റു കൂട്ടുകാരും അമ്മുവിനേയും ഉണ്ണിയേയും വിളിക്കാൻ വീട്ടിലെത്തി. അവർ മലകയറി ശ്രീകൃഷ്ണക്ഷേത്രത്തിനകത്തേയ്ക്കു കയറുന്ന സൂര്യനെ കാണാൻ തീരുമാനിച്ചു. അങ്ങനെ പൂപറിച്ചതിനു ശേഷം അവർ. മല കയറാൻ തുടങ്ങി. അവിടെ എത്തുമ്പോഴേക്കും മേഘങ്ങൾ കറുത്തനിറമാർന്നു ശോഭിച്ചു.

"അയ്യോ അതാ മഴ പെയ്തു. ഇനി നമ്മൾ സൂരൻ ക്ഷേത്രത്തിൽ കയറുന്നത് എങ്ങനെയാണ് കാണുക. വാ, നമുക്ക് നാളെ വന്നാ മതി. ഉണ്ണീ നമുക്ക് വീട്ടിൽ പോകാം." അമ്മ പറഞ്ഞു. അന്ന് ക്ഷേത്രത്തിൽ നല്ല തിരക്കായിരുന്നു.

അതിന്നിടയിൽ ഉണ്ണിയുടേയും അമ്മുവിന്റേയും അമ്മ ആരോട് ചോദിച്ചിട്ടാണ് മലകയറിയതെന്ന് രോഷത്തോടെ ചോദിച്ചു. മലയുടെ വശങ്ങളിൽ നിറയെ കൊക്കുകളാണ്. കാലൊന്നുതെന്നിയാൽ വൻ അപകടം വരാം. ഒരുപാട് അടിയും വഴക്കും കിട്ടി അമ്മുവിനും ഉണ്ണിക്കും. അവർ കരഞ്ഞു തളർന്നുറങ്ങി. അടുത്തദിവസം അവർ മനോഹരമായ പൂക്കളം മുറ്റത്തൊരുക്കി. അന്ന് വൈകുന്നേരം മലഞ്ചെരുവിലെ അത്തിമരത്തിന്റെ ചുവട്ടിൽ ഒരു വൃദ്ധ അവശയായിരിക്കുകയാണ്. അമ്മുവും ഉണ്ണിയും കൂട്ടുകാരും ഓടിചെന്ന് ചോദിച്ചു. "എന്താ പറ്റിയത് മുത്തശ്ശീ" "എനിക്ക് ശ്രീകൃഷ്ണക്ഷേത്രത്തിൽ പോകണം". മുത്തശ്ശി ഇടറിയ ശബ്ദത്തിൽ പറഞ്ഞു. "ഞാൻ കൊണ്ടുപോകാം മുത്തശ്ശീ. മുത്തശ്ശിക്ക് അസ്തമയസൂര്യനെ കാണണമല്ലേ"ഉണ്ണി പറഞ്ഞു.

അമ്മുവിന്റെ തറപ്പിച്ചുള്ള നോട്ടത്തിൽ ഉണ്ണിയും കൗതുകത്തിനു മേൽ ഇന്നലത്തെ കണ്ണീരിന്റെ നിഴൽ വീണു. മുത്തശ്ശിയുടെ നിസ്സഹായത അമ്മുവിന്റെയും കൂട്ടുകാരുടെ മനസ്സലിയിച്ചു. അവർ മുത്തശ്ശിയേയും പിടിച്ച് മല കയറി. മുത്തശ്ശി തന്റെ ബാല്യത്തിലെ ഓണവും തന്റെ മക്കളേയും കൊച്ചുമക്കളേയും പറ്റിയുള്ള ഓർമകളും എല്ലാം അമ്മുവിനോടും ഉണ്ണിയോടും പറഞ്ഞു. മക്കളോടൊപ്പം ഇരുന്ന് പൂക്കളമിട്ടതും ഇന്നവർ ഉപേക്ഷിച്ച് നിരാലംബയായ കഥയെല്ലാം. ഉണ്ണി കണ്ണീരൊഴുക്കി കരഞ്ഞു. സന്ധ്യ മയങ്ങാറായി. മുത്തശ്ശിയുടെ ശബ്ദം ഇടറുകയാണ്. മുത്തശ്ശി തളരുന്നു. അവർ ശ്രീകൃഷ്ണക്ഷേത്രത്തിലെത്തി. മുത്തശ്ശി അവിടെ തൊഴുത് അവിടുത്തെ വൃദ്ധസദനത്തിലേക്ക് നീങ്ങി. ഉണ്ണി സങ്കടം സഹിക്കാനാകാതെ പറഞ്ഞു. "അമ്മുച്ചേച്ചി, നമ്മുടെ മുത്തശ്ശി എന്നാ ഇങ്ങട് വരാ? അസ്തമയസൂര്യൻ ശ്രീകോവിലിനുള്ളിൽ കേറണത് കാണുക".

-അനശ്രീ

# മഴ



പേമാരിക്കരിമുകിലെ നീ എന്തേ
പെയ്തിട്ടും പെയ്തിട്ടും തീരാത്തത്
നീയെന്തേ നിന്നു കരയുന്നത്
നീയെന്തേ എന്റെ
അടുക്കൽനിന്നു-
മാറിപോകുന്നത്.
നിന്റെ താളമടിക്കുന്ന ശബ്ദം
ഞാൻ എന്റെ വീടിന്റെ
മുകളിൽ കേൾക്കുന്നു.
നിന്റെ കുളിരേകുന്ന മഴത്തുള്ളികൾ
ചെടികൾക്ക് ആശ്വാസമാകുന്നു.
നീയിങ്ങനെ നിർത്താതെ പെയ്താൽ
പറയൂ ഞാൻ എങ്ങനെ-
പള്ളിക്കൂടത്തിൽ പോകും.
നീയെന്തേ തോരാത്തത്.

- ഐശ്വര്യ ഹേമന്ത്

# പ്രകൃതി



മഴകൊണ്ടു താഴ്ന്ന പോയൊരെൻ
പൂക്കളെ മാനം തെളിഞ്ഞാൽ
ചിരിക്കുകില്ലേ...

വെയിലേറ്റ് ചോന്നൊരാ ചുണ്ടിൽ
ഇളം മഞ്ഞുതുള്ളികൾ വീണാൽ
ചിരിക്കുകില്ലേ...

കുളിർക്കാറ്റിലാലോലമാടുന്നൊരി-
ലകളിൽ പേമാരി കൊണ്ടാൽ
തളരുകില്ലേ...

അധികമായാൽ അമൃതും
വിഷമെന്ന പഴമൊഴി
പതിരല്ല സത്യമല്ലേ...

സ്നേഹ. ജെ

# തിരോധാനം



ആണ്ടുകൾ കൊണ്ടാരൊൽമരം
നിലയുറപ്പിച്ചിരുന്ന ഈ മണ്ണിൽ

അന്നൊരു നാൾ വലിയൊരു
മണ്ണുമാന്തിയതിൽ വേരുപിഴുതെടുത്തു

പച്ചവിരിച്ചൊരു പാടമോ?
ചോര ചിന്തിക്കിടക്കുന്നു

പിന്നാമ്പുറത്തെ തൊടിയിൽ
തുമ്പപോലുമില്ല

തൊട്ടുരുമ്മി നടക്കുവാൻ
തൊട്ടാവാടിയുടെ തിരനോട്ടമില്ല

കാണ്മാനില്ല കണ്ടതൊന്നുമേ, കേട്ടതൊന്നുമേ
അറിയില്ല, ആരാണീ
തിരോധാനത്തിനു പിന്നിൽ

സ്നേഹ. ജെ

# ഉത്തമസുഹൃത്ത്




ഒരു നാട്ടിൽ രണ്ടു സുഹൃത്തുക്കളുണ്ടായിരുന്നു. രാമുവും ഉണ്ണിയും.  ഇരുവരും ഒന്നിച്ചാണ് കച്ചവടം ചെയ്തിരുന്നത്. അധ്വാനിക്കാൻ ഒരു മടിയും രാമുവിന് ഉണ്ടായിരുന്നില്ല. എന്നാൽ ഉണ്ണി നേരെ മറിച്ചായിരുന്നു. രാമുവിന്റെ അധ്വാനശീലം ഉണ്ണി പലപ്പോഴും മുതലെടുത്തിരുന്നു. പല ദിവസങ്ങളിലും അവൻ ഒഴിവുകഴിവുകൾ പറഞ്ഞ് കച്ചവടത്തിന് ഒഴിയുമായിരുന്നു. അങ്ങനെ മുന്നോട്ടുപോകുമ്പോൾ, രാമുവിന് ഒരസുഖം പിടിപ്പെട്ടു. കച്ചവടം കുറഞ്ഞു. ചികിത്സക്കായി രാമുവിന് പണം ആവശ്യം വന്നു. (രാമു തന്നെയാണ് എല്ലാം ചെയ്തിരുന്നത്) അങ്ങനെ അവർ ഉണ്ടായ ലാഭം പങ്കിട്ടെടുത്ത് കച്ചവടം അവസാനിപ്പിച്ചു. അസുഖം ഭേദപ്പെട്ടപ്പോൾ രാമു വീണ്ടും കച്ചവടത്തിലേക്കിറങ്ങി. എന്നാൽ ഉണ്ണി കിട്ടിയ പണം കൊണ്ട് ധൂർത്തനായി ജീവിച്ചു. ജോലി ചെയ്യാതെ പലരിൽ നിന്നും കടം വാങ്ങി. അങ്ങനെ കടം കൂടി കൂടി വന്നു. തന്റെ അധ്വാനശീലം കൊണ്ട് രാമു ഒരു സമ്പന്നനായി മാറി. അവസാനം ഉണ്ണി രാമുവിന്റെ അടുത്തും സഹായത്തിനായി വന്നു. ഉണ്ണിയെ നന്നായി അറിയാവുന്ന രാമു അവന് പണത്തിനു പകരം ഒരു ജോലി നൽകി. കടം വീട്ടാൻ വേറൊരു വഴിയില്ലെന്ന് മനസ്സിലാക്കിയ ഉണ്ണി ജോലി ചെയ്യാൻ തന്നെ തീരുമാനിച്ചു. അങ്ങനെ അവൻ കടമെല്ലാം വീട്ടി. തനിക്ക് ജോലി തന്നതിനും ഒരു ജീവിതമാർഗം കാണിച്ചുതന്നതിനും രാമുവിനോട് നന്ദി പറഞ്ഞു. ഈ ആത്മാർത്ഥ എന്നും തുടരണമെന്നും രാമു ഉണ്ണിയെ ഉപദേശിച്ചു.

ഒരു സുഹൃത്ത് എങ്ങനെയായിരിക്കണമെന്നതിന് ഉത്തമമാതൃകയാണ് രാമു. ഒരു പക്ഷേ ജോലി കൊടുക്കുന്നതിനു പകരം പണം കൊടുത്തിരുന്നെങ്കിൽ ഉണ്ണിക്ക് ഇങ്ങനെയൊരു മാറ്റം വരില്ലായിരുന്നു.അവൻ പഴയപോലെ അലസനായി ജീവിക്കുമായിരുന്നു

മീഗൾ മരിയ

# ജനാലം പ്രശ്നം

- വീട്ടു പണി പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ ഉടമസ്ഥൻ ആശാരിയോടു കൽപിച്ചു- "ദേ, ഈ ചുവരിൽ രണ്ട് ജനാല വേണം. അവ സമചതുരത്തിലാകണം. രണ്ടിനും ഒരേ ഉയരവും ഒരേ വീതിയും വേണം. പക്ഷേ, ഒരെണ്ണത്തിന്റെ ഇരട്ടി വിസ്തീർണ്ണമുള്ളതായിരിക്കണം രണ്ടാമത്തേത്. നിങ്ങൾക്ക് ആശാരിയെ സഹായിക്കാൻ കഴിയുമോ?"

1) അടുത്ത സംഖ്യ ഏത്?

- 1,4,10,22,46

-ഓരോ അക്കങ്ങളെയും 2 കൊണ്ട് ഗുണിച്ച് 2 കൂട്ടുന്നതാണ് അടുത്ത അക്കം

-: 46 X 2 = 92

92 + 2= 94

2) വിട്ടുപോയ കളത്തിൽ ഏതൊക്കെ അക്കങ്ങളാണ് വരിക?

| | | |
|---|---|---|
| -....... | 7 | 2 |
| 3 | ....... | 8 |

3) എങ്ങനെ കൂട്ടിയാലും ഒരുത്തരം കിട്ടണം. 1-7 വരെയുള്ള സംഖ്യകൾ മാത്രം ഉപയോഗിക്കാം. ശ്രമിച്ചു നോക്കൂ.

1X8+1=9
12X8+2=98
123X8+3=987
1234X8+4=9876
12345X8+5=98765
123456X8+6=987654
1234567X8+7=9876543
12345678X8+8=98765432
123456789X8+9=987654321

1X9+2=11
12X9+3=111
123X9+4=1111
1234X9+5=11111
12345X9+6=111111
123456X9+7=1111111
1234567X9+8=11111111
12345678X9+9=111111111
123456789X9+10=1111111111

1X1=1
11X11=121
111X111=12321
1111X1111=1234321
11111X11111=123454321
111111X111111=12345654321
1111111X1111111=1234567654321
11111111X11111111=123456787654321
111111111X111111111=12345678987654321